# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടത്തല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി5)-1803/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/03/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടത്തല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടത്തല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്തല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി5)-1803/2021 തീയ്യതി: 03/03/2022

## എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.എ.ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 18-11-2021 | 30-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-11-2021 | 30-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. മിനു.പി.കെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
ശ്രീമതി.സുസ്മിത. കെ. വി ,ഓഡിറ്റ് ഓഫീസർ,
ശ്രീമതി.ഷൈബി.ഇ.ഡി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി.ബബിത ബി. കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി.കവിത.എസ്.കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സാജിത അബ്ബാസ് | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 20-12-2020 |
| ശ്രീമതി. പ്രീജ കുഞ്ഞുമോൻ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി. അതിദി ദേവി | സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീമതി. നിസാമോൾഎം.പി | സെക്രട്ടറി | 16-06-2020 | 04-10-2020 |
| ശ്രീ. ഷാജിമോൻ കാവു | സെക്രട്ടറി | 05-10-2020 | 09-10-2020 |
| ശ്രീമതി. നിസാമോൾഎം.പി | സെക്രട്ടറി | 10-10-2020 | 01-03-2021 |
| ശ്രീമതി. ആരതി ബാബു(ഇൻ ചാർജ്) | സെക്രട്ടറി | 02-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ശ്രീകല വി.എസ്. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, എടത്തല | 01-04-2020 | 31-03-2021 |
| ശ്രീ. അരുൺകുമാർ.എൻ.കെ. | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ എടത്തല) | 01-04-2020 | 31-03-2021 |
| ശ്രീമതി. ആൻസി സെബാസ്റ്റ്യൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ആരതി ബാബു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. മനോജ്.ടി.ആർ | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (കുഴിവേലിപ്പടി) | 01-04-2020 | 04-11-2020 |
| ശ്രീ. അരുൺകുമാർ.എൻ.കെ.(ഇൻ ചാർജ്) | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (കുഴിവേലിപ്പടി) | 05-11-2020 | 31-03-2021 |
| ശ്രീമതി ലത.ഇ.വി. | കൃഷി ഓഫീസർ | 01-04-2020 | 03-07-2020 |
| ശ്രീമതി മാരിയറ്റ് ജോസ് | കൃഷി ഓഫീസർ | 04-07-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ. സ്മിത റാണി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.ഷെഹർബാൻ പി.എം. | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. യൂസഫ്.കെ.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സഹീറ എം.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shaiby.E.D (Asst. Audit Officer, On 26-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-1 |
| 2 | ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 26-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: Shaiby.E.D (Asst. Audit Officer, On 23-11-2021)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 23-11-2021) | 1-2 |
| 4 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 30-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Shaiby.E.D (Asst. Audit Officer, On 29-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 02-02-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Shaiby.E.D (Asst. Audit Officer, On 25-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Shaiby.E.D (Asst. Audit Officer, On 24-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-5 |
| 8 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Shaiby.E.D (Asst. Audit Officer, On 22-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Shaiby.E.D (Asst. Audit Officer, On 23-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-7 |
| 10 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Kavitha S Kannan (Senior Grade Auditor, On 29-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-8 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 26-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-9 |
| 12 | ഗ്രാമസഭ<br>Written By: P.K.Minu (Audit Officer, On 27-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-10 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: P.K.Minu (Audit Officer, On 27-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-11 |
| 14 | വസ്തു നികുതി നിർണയത്തിലെ അപാകത- 17860രൂ നഷ്ടം<br>Written By: Kavitha S Kannan (Senior Grade Auditor, On 28-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-12 |
| 15 | ഉപയോഗക്രമത്തിനനുസൃതമായി നികുതി പുനർനിർണയിച്ചില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 28-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-13 |
| 16 | സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 28-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-14 |
| 17 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 28-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-15 |

| | | |
|---|---|---|
| 18 | ട്രേഡേഴ്സ് ലിസ്റ്റ്/ഡിമാന്റ് രജിസ്റ്റർ-തയ്യാറാക്കുന്നില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 28-11-2021)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 29-11-2021) | 1-16 |
| 19 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-അപാകതകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 28-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-17 |
| 20 | ആസ്തി സംരക്ഷണം-വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 29-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-18 |
| 21 | രജിസ്റ്ററുകളിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.<br>Written By: P.K.Minu (Audit Officer, On 29-11-2021)<br>Last Updated By: Raj N.C (Computer Assistant, On 05-02-2022) | 1-19 |
| 22 | കോവിഡ് 19 - പ്രതിരോധ പ്രവർത്തനങ്ങളുടെ വിവരം<br>Written By: P.K.Minu (Audit Officer, On 27-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-20 |
| 23 | ദുരിതാശ്വാസനിധി -പണമിടപാടുകളില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 26-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-21 |
| 24 | അനധികൃത നിർമ്മാണം-തുടർനടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Shaiby.E.D (Asst. Audit Officer, On 29-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-22 |
| 25 | മരുന്ന് ലഭ്യമായില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 22-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-23 |
| 26 | കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ - അപാകതകൾ<br>Written By: K.V.Susmitha (Audit Officer, On 28-11-2021)<br>Last Updated By: K.V.Susmitha (Audit Officer, On 29-11-2021) | 1-24 |
| 27 | മൃഗസംരക്ഷണമേഖലയിലെ പദ്ധതികൾ - നടപ്പിലാക്കിയില്ല.<br>Written By: K.V.Susmitha (Audit Officer, On 28-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-25 |
| 28 | കറവ പശു  വളർത്തൽ പദ്ധതി- നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: K.V.Susmitha (Audit Officer, On 28-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-26 |
| 29 | വയോജനങ്ങൾക്ക് കട്ടിൽ വിതരണ പദ്ധതി -അപാകതകൾ<br>Written By: K.V.Susmitha (Audit Officer, On 28-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-27 |
| 30 | അങ്കണവാടി പോഷകാഹാരം - ആവശ്യമായ വിഹിതം വകയിരുത്തിയില്ല<br>Written By: K.V.Susmitha (Audit Officer, On 28-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-28 |
| 31 | ന്യൂട്രിമിക്സ് - ജി.എസ്.ടി നൽകിയത്<br>Written By: K.V.Susmitha (Audit Officer, On 28-11-2021)<br>Last Updated By: Raj N.C (Computer Assistant, On 05-02-2022) | 1-29 |
| 32 | ന്യൂട്രീമിക്സ് സാമ്പിളുകൾ-ഗുണനിലവാരം പരിശോധിക്കേണ്ടതാണ്.<br>Written By: K.V.Susmitha (Audit Officer, On 28-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-30 |
| 33 | കോഴ്സ് പൂർത്തീകരിച്ചതിനുശേഷം ലാപ് ടോപ് അനുവദിച്ചു<br>Written By: K.V.Susmitha (Audit Officer, On 26-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-31 |
| 34 | വിദ്യാർത്ഥികൾക്ക് പഠനോപകരണം വിതരണപദ്ധതി - അപാകതകൾ<br>Written By: K.V.Susmitha (Audit Officer, On 26-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-32 |
| 35 | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്-അപാകതകൾ<br>Written By: K.V.Susmitha (Audit Officer, On 28-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-33 |

| | | |
|---|---|---|
| 36 | മുൻകൂർ തുക അനുവദിച്ചിട്ടും കട്ടിൽ ലഭ്യമായില്ല<br>Written By: K.V.Susmitha (Audit Officer, On 26-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-34 |
| 37 | ലൈഫ് ഭവന പദ്ധതി-<br>Written By: K.V.Susmitha (Audit Officer, On 29-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-35 |
| 38 | വക്കീൽ ഫീസ്-വകുപ്പ് മേധാവിയുടെ അനുമതി ലഭ്യമാക്കിയില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 29-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-36 |
| 39 | ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു<br>Written By: Babitha B Kumar (Senior Grade Auditor, On 29-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-37 |
| 40 | സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം KSEB യുടെ കണക്കുകളേക്കാളും കൂടുതൽ<br>Written By: Babitha B Kumar (Senior Grade Auditor, On 29-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-38 |
| 41 | തെരുവ് വിളക്ക് പരിപാലനം - അപാകത<br>Written By: Babitha B Kumar (Senior Grade Auditor, On 30-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-39 |
| 42 | പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്തിയില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 29-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-40 |
| 43 | തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകളുടെ ബില്ലുകളിൽ നിന്ന് GST കുറവ് ചെയ്തില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 30-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-41 |
| 44 | ഓഡിറ്റ് ഇംപാക്ട്<br>Written By: Babitha B Kumar (Senior Grade Auditor, On 30-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 1-42 |
| | **ഭാഗം 2** | |
| 1 | വസ്തു നികുതി നിർണയത്തിലെ അപാകത- 17860രൂ നഷ്ടം<br>Written By: Kavitha S Kannan (Senior Grade Auditor, On 28-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 02-02-2022) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 23-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 29-11-2021)<br>Last Updated By: Raj N.C (Computer Assistant, On 05-02-2022) | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shaiby.E.D (Asst. Audit Officer, On 26-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 23-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shaiby.E.D (Asst. Audit Officer, On 24-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 01-02-2022) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 24-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 02-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaiby.E.D (Asst. Audit Officer, On 25-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 02-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 26-11-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 02-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 26-11-2021)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 26-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.V.Susmitha (Audit Officer, On 29-11-2021)<br>Last Updated By: Raj N.C (Computer Assistant, On 07-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 25-11-2021)<br>Last Updated By: Raj N.C (Computer Assistant, On 05-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 24.03.2020ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം റിവൈസ്ഡ് ബജറ്റ് വിവരം, യഥാർത്ഥ വരവു ചെലവ് വിവരം എന്നിവ താഴെ ചേർക്കുന്നു.

| | ബജറ്റ് | ബജറ്റ്(റിവൈസ്ഡ്) | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 12911378 | 151119035 | 91052682 |
| വരവ് | 227158000 | 241333000 | 113538232 |
| ആകെ | 240069378 | 392452035 | 204590914 |
| ചെലവ് | 235876500 | 376836553 | 149741810 |
| നീക്കിയിരിപ്പ് | 4192878 | 15615482 | 54849104 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. യഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ ബജറ്റ് വിഭാവനം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-1-1 ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 16.03.2020 തീയതിയിൽ ബജററ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ഘടക സ്ഥാപനങ്ങളിൽ നിന്ന് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ട് സ്ഥാപനങ്ങളുടെ വരുമാനവും ചെലവും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട് എങ്കിലും പ്രീ ബജറ്റ് മീറ്റിംഗ് നടത്തിയതായി കാണുന്നില്ല. തനത് വരുമാനം, റവന്യൂ ചെലവുകൾ എന്നിവ സംബന്ധിച്ച എസ്റ്റിമേറ്റുകൾ തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ ചേർക്കുന്നു. ഇവ സംബന്ധിച്ച് നൽകിയ 18.11.2021 ലെ 1ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനവും നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

3. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായ് പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2020-21 ലെ പഞ്ചായത്ത് ബജറ്റ് 2020 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

4. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരം സാധ്യമാകുന്നില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ

നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല.

ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 14.06.2021 |

എടത്തല ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 36,203,578/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 29,693,312/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

3) സഞ്ചയ പ്രകാരമുള്ള കുടിശ്ശിക കെട്ടിട നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുത്തുന്നതിനായി 106482/- രൂപ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും 82751/- രൂപ നോൺ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയതായി കാണുന്നു. ഇത്തരത്തിൽ ക്രമീകരിച്ചഅഡ്വാൻസ് കളക്ഷൻ ഏതേതു കെട്ടിട നമ്പരുമായി ബന്ധപ്പെട്ടതാണ് എന്ന വിശദാംശം ലഭ്യമാക്കിയിട്ടില്ല.

4) ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂൾ പ്രകാരം 17 ഹെഡുകളിലായി ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ 10ഹെഡുകളിലായി ആണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രിസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രിസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്.

5) ജോയിന്റ് വെഞ്ചർ-എസ് റ്റി എസ് ബി അക്കൗണ്ടിലെ നീക്കിയിരിപ്പ് 536863/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 4 പ്രകാരം ജോയിന്റ് വെഞ്ചർ പദ്ധതികൾക്കായി 2643976/- രൂപയാണ് നീക്കിയിരിപ്പ്.

6) ഓഡിറ്റ് വർഷം കെ എസ് ഇ ബിയിൽ 1774057/-രൂപയാണ് നിക്ഷേപ പ്രവൃത്തികൾക്കായി തൻവർഷം നൽകിയിട്ടുള്ളത്. എന്നാൽ പ്രൊജക്ട് നം. 141/21 പ്രകാരം നൽകിയ 111006/- രൂപയും, 172/21 പ്രകാരം നൽകിയ 16979/- രൂപയും ഈയിനത്തിൽ ചേർക്കാത്തത് മൂലം 1646072/- രൂപ മാത്രമാണ് നിക്ഷേപ പ്രവൃത്തികൾക്കായുള്ള തുകയായി വാർഷിക ധനകാര്യ പത്രികയിൽ വന്നിട്ടുള്ളത്. ആയതിനാൽ നിക്ഷേപ പ്രവൃത്തികൾക്കായി കെ എസ് ഇ ബിക്ക് നൽകിയ തുകയിൽ ക്രമീകരിക്കാനവശേഷിക്കുന്ന തുകയിലും 127985/- രൂപയുടെ കുറവ് വന്നിട്ടുണ്ട്.

7) തെരുവ് വിളക്കുകൾ വാങ്ങുന്നതിനുള്ള താഴെപ്പറയുന്ന നാല് പദ്ധതികളുടെ തുക നിക്ഷേപ പ്രവൃത്തികൾക്കുള്ള ഹെഡ്ഡിൽ കെ എസ് ഇ ബിക്ക് നൽകിയതായി തെറ്റായി ഉൾപ്പെടുത്തി.

| പ്രൊജക്ട് നമ്പർ | തുക |
|---|---|

| | |
|---|---|
| 227/21 | 250000 |
| 229/21 | 69384 |
| 233/21 | 40000 |
| 236/21 | 100000 |

120/21 നമ്പർ പ്രൊജക്ടിന്റെ തുക 124980/- എന്ന് തെറ്റായി ചേർത്തു. 332/21 എന്ന പ്രൊജക്ടിലെ തുക 41920/- രൂപയും മുൻവർഷ പ്രൊജക്ടിനായി 1168/- രൂപ തനത് ഫണ്ടിൽ നിന്നും നൽകിയതും ഈയിനത്തിൽ ഉൾപ്പെടുത്തിയില്ല.

8) പ്രൊജക്ട് നം.120/21 ന് കെ എസ് ഇ ബിക്ക് നൽകിയ 1312627/- രൂപയിൽ 872569/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചെങ്കിലും മുൻകൂർ നൽകിയ തുകയിൽ ഇത് ക്രമീകരിച്ചിട്ടില്ല.

9) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ധനകാര്യ കമ്മീഷന്റെ പെർഫോമൻസ് ഗ്രാന്റിനത്തിൽ തൻവർഷം വരവില്ല. എന്നാൽ 1,00,000/- രൂപ ചെലവ് വന്നിട്ടുണ്ട്. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റിൽ പെർഫോമൻസ് ഗ്രാന്റ് വകയിരുത്തി ചെലവഴിച്ച വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻവലിക്കൽ (പ്രൊജക്ട് നമ്പർ 121/21) രണ്ട് തവണ ചേർത്ത് ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. അപാകത സോഫ്റ്റ്വെയറിലെ പ്രശ്നം ആണെന്നും ഐ കെ എം-ന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നെന്നും പഞ്ചായത്ത് കുറിപ്പ് ചേർത്തിട്ടുണ്ട്.

10) ഗ്രാന്റ് വിനിയോഗ പത്രികയിലെ അലോട്ട്മെന്റ് തുകകൾ അപ്രോപ്രിയേഷൻകൺട്രോൾ രജിസ്റ്ററിലെ അലോട്ട്മെന്റ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
11) അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

12) ഭൂമിയുൾപ്പെടെയുള്ള ആസ്തികളുടെ മൂല്യം തിട്ടപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 26.11.2021 ലെ 19ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് താഴെപ്പറയുന്ന മറുപടി പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്.
ക്രമ നമ്പർ 1,2,4,10 എന്നിവ സോഫ്റ്റ്വെയറിലെ അപാകതയാണ്. സഞ്ചയ പ്രകാരം അഡ്ജസ്റ്റ്മെന്റ് നടത്തിയ തുകകളുടെ കെട്ടിട നമ്പർ ലഭ്യമാണെങ്കിലും കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല. ജോയിന്റ് വെഞ്ചർ പദ്ധതികളുടെ ബ്ലോക്ക്പഞ്ചായത്ത് വിഹിതമിനത്തിലെ അവശേഷിക്കുന്ന തുക ടി എസ് ബി തനത് ഫണ്ട് അക്കൌണ്ടിൽ നീക്കിയിരിപ്പുണ്ട്. നിക്ഷേപ പ്രവൃത്തിയിലുള്ള വ്യത്യാസം 21-22 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിൽ ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 91052682.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 113538232.00 |
| ആകെ | | 204590914.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 149741810.00 |
| നീക്കിയിരിപ്പ് | | 54849104.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 17860 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2016038 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18654596 | 18654596 | 16615069* | 0 | 2039527 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 12056373 | 12056373 | 7295189** | 0 | 4761184 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 256000 | 256000 | 53163*** | 0 | 202837 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 13125000 | 13125000 | 13125000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5428533 | 5428533 | 4997326 | 0 | 431207 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 14837477 | 14837477 | 11285664 | 0 | 3551813 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 100000 | 100000 | 100000 | 0 | 0 |
| ദുരിതാശ്വാസ നിധി | 1948 | 78 | 2026 | 0 | 2026 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട്- അങ്കണവാടി പൂരക പോഷകാഹാരം | 758962 | 1907674 | 2666636 | 1403387 | 1263249 | 0 |
| സാനിട്ടേഷൻ 320100115 | 1450 | 210058 | 211508 | 210000 | 1508 | 0 |
| സംസ്ഥാനാ വിഷ്കൃതഫണ്ട്- | | | | | | |
| വിമുക്തി ഫണ്ട് | 30430 | 0 | 30430 | 0 | 30430 | 0 |
| സാക്ഷരത | 41512 | 1141 | 42653 | 0 | 42653 | 0 |
| ശുചിത്വമിഷൻ 320200322 | 2115537 | 4840382 | 6955919 | 10000 | 6945919 | |
| എം എൻ ലക്ഷം വീട് | 1234426 | 49548 | 1283974 | 0 | 1283974 | |
| 320200307 എം എൽ എ ഫണ്ട് | 0 | 725902 | 725902 | 725902 | 0 | 0 |

*2936016/-രൂപ ജി ഒ പ്രോജക്ടിൽ ചെലവ് വന്നിട്ടുണ്ട്.

**51313/-രൂപ ജി ഒ പ്രോജക്ടിൽ ചെലവ് വന്നിട്ടുണ്ട്.

***947848/-രൂപ ജി ഒ പ്രോജക്ടിൽ ചെലവ് വന്നിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ അവാർഡ്(Tied) ഇനത്തിലെ ഗ്രാന്റ് തുക 1,00,000/-രൂപ സോഫ്റ്റ്വെയറിലെ അപാകത മൂലം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ വരവിൽ വന്നിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പ് -1,00,000/- എന്നാണ് രജിസ്റ്ററിൽ ഉള്ളത്.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 18654596 | 16615069 | 2039527 | 10.9 % |
| വികസന ഫണ്ട് (എസ്.സി.പി) | 12056373 | 7295189 | 4761184 | 39.4% |
| വികസനഫണ്ട് (ടി.എസ്.പി) | 256000 | 53163 | 202837 | 79.1 % |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 13125000 | 13125000 | 0 | 0% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 5428533 | 4997326 | 431207 | 7.9% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 14837477 | 11285664 | 3551813 | 23.9% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 100000 | 100000 | 0 | 0 |

ബജറ്റ് പ്രകാരം പഞ്ചായത്തിന് ലഭ്യമായ ഗ്രാന്റ് തുകകൾ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നില്ലെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. സംരക്ഷണ ഗ്രാന്റ് (റോഡ്), ധനകാര്യ കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്

എന്നിവ മാത്രമാണ് പൂർണ്ണമായി ചെലവഴിച്ചിട്ടുള്ളത്. സംരക്ഷണ ഗ്രാന്റ് റോഡിതരം, വികസന ഫണ്ട് സാധാരണ വിഹിതം എന്നിവ 90 ശതമാനത്തോളം ചെലവഴിച്ചപ്പോഴും എസ് സി പി, ടി എസ് പി ഇനങ്ങളിലെ ഗ്രാന്റ് തുക പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലെന്നത് ഗൌരവമായി എടുക്കേണ്ടതാണ്. മാർഗ്ഗരേഖപ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്ത് കാര്യക്ഷമമായി നടപ്പാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി കൂടുതൽ ഊന്നൽ നൽകേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 298 | 221622239 | 221 | 122919258 | 13 | 64 | 74.16% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3743 | 905239 | 908982 | 901150 | 7832 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 16659637 | 16659637 | 16659637 | |
| ആകെ | 3743 | 17564876 | 17568619 | 17560787 | 7832 |

100 തൊഴിൽദിനം പൂർത്തിയാക്കിയതിന് ഇൻസെന്റീവ് ഇനത്തിൽ 214000/- രൂപയും ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5192500 | 351 |
| വിധവാപെൻഷൻ | 22755200 | 489 |
| വാർദ്ധക്യകാലപെൻഷൻ | 38343600 | 2711 |
| വികലാംഗപെൻഷൻ | 7561100 | 489 |
| അവിവാഹിത-50 വയസ്സിന് മുകളിൽ | 431000 | 29 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 24000 | 8 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.2021 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20976/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമനം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 05.06.2021 മുതൽ 06.06.2021 വരെ | 01.08.2020 മുതൽ 30.09.2020 വരെ | 16.11.2020 |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 15.02.2018 മുതൽ 26.02.2018 വരെ | 2012-13 മുതൽ 2016-17 വരെ | 16.04.2018 |

1-10 ഗ്രാമസഭ

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭകൾ ഒന്നും തന്നെ ചേർന്നിട്ടില്ല.

1-11 ആഭ്യന്തര നിയന്ത്രണം

എടത്തല പഞ്ചായത്തിൽ ഓഫീസ് മീറ്റിംഗുകൾ എല്ലാമാസവും കൂടുകയും സെക്ഷൻ തിരിച്ചുള്ള വർക്ക് ഡിസ്ട്രിബ്യൂഷൻ മിനുറ്റ്സിൽ രേഖപ്പെടുത്തി പോരുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ നിന്നും സേവനങ്ങൾ ആവശ്യപ്പെട്ട് എത്തുന്ന പൊതുജനങ്ങൾക്ക് ഇരിക്കാൻ വേണ്ട സൗകര്യം ഫ്രണ്ട് ഓഫീസിൽ ഒരുക്കുന്നതിന് സ്ഥലപരിമിതി മൂലം കഴിഞ്ഞിട്ടില്ല.

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും ലൈസൻസ്

ഫാക്ടറികൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും അപേക്ഷകളും എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി മികച്ച രീതിയിൽ സൂക്ഷിക്കുന്നുണ്ട്. രജിസ്റ്ററുകളും അപേക്ഷകളും സൂപ്പർവൈസിംഗ് ഓഫീസർമാർ ആധികാരികമാക്കുന്നുണ്ട്.

വൗച്ചറുകളുടെ സൂക്ഷിപ്പ്

സാംഖ്യയിൽ നിന്നുള്ള പെയ്മെന്റ് വൗച്ചറുകൾ എല്ലാം ഓഡിറ്റിന് ലഭ്യമാക്കിയില്ല. പെയ്മെന്റ് നടന്നിട്ടുള്ളതിന്റെ ഫണ്ടിനം ഏത് എന്ന് വ്യക്തമാകുന്നതിന് സാംഖ്യയിൽ നിന്നുള്ള പെയ്മെന്റ് വൗച്ചറുകൾ ആവശ്യമാണെന്നിരിക്കെ അവ വൗച്ചറിന്റെ ഫയലുകളിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. പെയ്മെന്റ് വൗച്ചറുകൾ ഫയലിൽ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് രേഖകൾ സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് വരുമാനങ്ങളിൽ പ്രധാനപ്പെട്ട ഒരിനമാണ് തൊഴിൽ നികുതി. ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ അവശ്യം വേണ്ട ഒന്നാണ് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എന്നിരിക്കെ, എടത്തല ഗ്രാമപഞ്ചായത്തിൽ 2019-20 ൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2020-21 ലേത് ഭാഗികമായാണ് തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ, നികുതി സംബന്ധിച്ച ട്രേഡേഴ്സ് ലിസ്റ്റ്, അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവയും സൂക്ഷിക്കുന്നില്ല. പഞ്ചായത്തിന് അർഹതപ്പെട്ട തനത് വരുമാനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും, വരുമാന വർദ്ധനവിന് സാധ്യതകളുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-12 വസ്തു നികുതി നിർണയത്തിലെ അപാകത- 17860രൂ നഷ്ടം

റംല, മരുത്തുംകുടി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 5 ാം വാർഡിലെ 15/624B നമ്പർ കെട്ടിടത്തിന്റെ വസ്തു നികുതി നിശ്ചയിക്കപ്പെട്ടതിലും കുറവായാണ് നിർണയിക്കപ്പെട്ടത്. പഞ്ചായത്ത് പുറപ്പെടുവിച്ചിട്ടുള്ള വസ്തു നികുതി വിജ്ഞാപന പ്രകാരം 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് ച.മീറ്ററിന് 80/- രൂപ നിരക്കിലാണ് നികുതി നിർണയിക്കേണ്ടത്. എന്നാൽ മേൽ കെട്ടിടത്തിന് ച.മീറ്ററിന് 50/- രൂപ നിരക്കിലാണ് നികുതി നിർണയിച്ച് ഈടാക്കിയിട്ടുള്ളതെന്നതിനാൽ നികുതിയിനത്തിൽ 17860രൂപ തൻവർഷം നഷ്ടമായിട്ടുണ്ട്.

വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

1-13 ഉപയോഗക്രമത്തിനനുസൃതമായി നികുതി പുനർനിർണയിച്ചില്ല

നസീർ, ജസിയ (ഉണിച്ചിരിയാട്ട്, തായിക്കാട്ടുകര) എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 18 ാം വാർഡിലെ 294A നമ്പർ കെട്ടിടം 139 ച.മീ വിസ്തീർണമുള്ളതും ഗോഡൌണായി ഉപയോഗിക്കുന്നതുമാണെന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്ത് പുറപ്പെടുവിച്ച വസ്തു നികുതി വിജ്ഞാപന പ്രകാരം 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള ഷോപ്പുകൾക്കും ഗോഡൌണുകൾക്കും ച.മീറ്ററിന് 50/- രൂപ നിരക്കിൽ നികുതി നിർണയിക്കേണ്ടതാണെന്നിരിക്കെ ച.മീറ്ററിന് 40/- രൂപ നിരക്കിൽ 5004/- രൂപയാണ് മേൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതിയായി നിർണയിച്ച് ഈടാക്കി വന്നിട്ടുള്ളത്. അസസ്മെന്റ് തരം പ്ലിന്ത് ഏരിയ എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. നികുതി നിർണയം സംബന്ധിച്ച വിവരശേഖരണത്തിന് പ്രസ്തുത വാർഡിന്റെ അസസ്മെന്റ് രജിസ്റ്റർ ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയില്ല (എൻക്വയറി-23/27.11.21) തന്മൂലം ഏത് സാമ്പത്തിക വർഷം മുതലാണ് കെട്ടിടത്തിന്റെ നികുതി നിർണയിച്ചതെന്നും കെട്ടിടത്തെ സംബന്ധിച്ച മറ്റ് വിവരങ്ങളും അറിയുവാൻ സാധിച്ചിട്ടില്ല. നികുതി നിർണയത്തിലെ അപാകത മൂലം മുൻവർഷങ്ങളിൽ വസ്തുനികുതിയിനത്തിൽ കുറവ് വന്നിട്ടുണ്ടോയെന്ന് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കേണ്ടതും പ്രസ്തുത വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

മേൽ അപാകത നിലനിൽക്കെ തൻവർഷം ടി കെട്ടിടം മജീദ്.കെ.പി എന്നയാൾക്ക് സൂപ്പർമാർക്കറ്റ് നടത്തുന്നതിലേയ്ക്ക് വാടകയ്ക്ക് നൽകിയതായി ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുള്ളതാണ്. അപേക്ഷയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| ലൈസൻസ് നം,തീയതി | 402/20-21, 20.08.20 |
| ലൈസൻസ് എടുത്ത വ്യക്തിയുടെ പേര് | മജീദ്.കെ.പി, കാരോത്തുകുഴി ഹൌസ്, മുട്ടം |
| ലൈസൻസിന്റെ ആവശ്യം | സൂപ്പർമാർക്കറ്റ്/മിനി റസ്റ്ററന്റ് നടത്തുന്നതിലേയ്ക്ക് |
| സ്ഥാപനത്തിന്റെ പേര് | ഫ്രഷ് ആന്റ് മോർ സൂപ്പർമാർക്കറ്റ് |
| അപേക്ഷ, വാടകകരാർ എന്നിവ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണം | 450 $M^2$ |

സൂപ്പർമാർക്കറ്റിനൊപ്പം ഒരു മിനി റസ്റ്ററന്റ് കൂടി പ്രവർത്തിപ്പിക്കുന്നതിലേയ്ക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വസ്തു നികുതി വിജ്ഞാപന പ്രകാരം 200 ച.മീറ്ററിന് മുകളിൽ വിസ്തീർണമുള്ള സൂപ്പർമാർക്കറ്റുകൾക്ക് 80/-രൂപ നിരക്കിലും റസ്റ്ററന്റിന് 40/- രൂപ നിരക്കിലും നികുതി ഈടാക്കേണ്ടതാണെങ്കിലും സഞ്ചയയിൽ കെട്ടിടത്തിന്റെ ഉപയോഗക്രമത്തിലോ തറവിസ്തീർണത്തിലോ മാറ്റം വരുത്തി ഇരു ഉപയോഗക്രമങ്ങൾക്കും ബാധകമായ നികുതി നിലവിലും പുനർനിർണയിച്ചിട്ടില്ല. വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-23) മറുപടിയായി 2020-21 മുതൽ നികുതി പുനർനിശ്ചയിക്കുന്നതാണെന്ന് അറിയിച്ചു. കെട്ടിടത്തിൽ നേരിട്ട് പരിശോധന നടത്തി ഉപയോഗക്രമമനുസരിച്ച് തറവിസ്തീർണത്തിൽ മാറ്റം വരുത്തേണ്ടതും ലൈസൻസനുവദിച്ച 20.08.2020 തീയതി പ്രാബല്യത്തിൽ സൂപ്പർമാർക്കറ്റിനും റസ്റ്ററന്റിനും ബാധകമായ നിരക്കിൽ നികുതി പുനർനിർണയിച്ച് ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-14 സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല (എൻക്വയറി-21/26.11.21 )

എ) ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

| | |
|---|---|
| 1 | എടത്തല ക്ഷീരോല്പാദക സഹകരണസംഘം ലി.നം-ഇ 107(ഡി)APCOS |
| 2 | മുകളാർകടി ക്ഷീരോല്പാദക സഹകരണസംഘം ലി. നം.-ഇ 332(ഡി) APCOS |
| 3 | നൊച്ചിമ ക്ഷീരോല്പാദക സഹകരണസംഘം ലി.നം.-ഇ 237(ഡി) APCOS |

ബി)എടത്തല സർവീസ് സഹകരണ ബാങ്കിന്റെ ശാഖകൾ

| | |
|---|---|
| 1 | എസ്.സി.ബി ചൂണ്ടി |
| 2 | എസ്.സി.ബി പേങ്ങാട്ടുശേരി |
| 3 | എസ്.സി.ബി പൂക്കാട്ടുപടി |

സി) ഓഡിറ്റോറിയങ്ങൾ

| | | |
|---|---|---|
| 1 | കെ.എം.ജെ കൺവെൻഷൻ സെന്റർ | വാർഡ് 14 |
| 2 | ഹൈനസ് ഓഡിറ്റോറിയം | വാർഡ് 8 |
| 3 | സെന്റ് പയസ് ചർച്ച് ഓഡിറ്റോറിയം | വാർഡ് 3 |
| 4 | മഹാറാണി ഓഡിറ്റോറിയം | വാർഡ്-4 |
| 5 | രാജീവ്ഗാന്ധി സഹകരണ ഓഡിറ്റോറിയം | വാർഡ്-17 |

ഡി) റേഷൻ ഡിപ്പോകൾ

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടയ്ക്കുന്നുണ്ടെന്നും വരുമാന നഷ്ടം സംഭവിയ്ക്കുന്നില്ല എന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്.

1-15 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

ചെറുതും വലുതുമായ ധാരാളം നിർമ്മാണ കമ്പനികളും വ്യാപാര സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്നുണ്ട്. ലൈസൻസ് പുതുക്കുന്ന വേളയിൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും അവയിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളിൽ ഒരു അർദ്ധവർഷം 60 ദിവസമോ അതിലധികമോ ദിവസം ജോലിയെടുക്കുന്ന സ്ഥിര, താൽക്കാലിക, ദിവസവേതനക്കാർ എന്നീ ജീവനക്കാർ തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ സെ.204(1)iiഎ,i) പഞ്ചായത്ത് തൻവർഷം ലൈസൻസ് നൽകിയിട്ടുള്ളതും സ്ഥാപന നികുതി ലൈസൻസ് ഫീസിനൊപ്പം അടവാക്കിയതുമായ സ്ഥാപനങ്ങളിൽ ചുവടെ ചേർക്കും വിധം അനേകം ജീവനക്കാർ പ്രവൃത്തിയെടുക്കുന്നതായി ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവർക്ക് ബാധകമായ തൊഴിൽ നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഹൈക്കൌണ്ട് മാർക്കറ്റിംഗ് | 363/20-21 | 20 |

| | | | |
|---|---|---|---|
| | ഡിവിഷൻ | | |
| 2 | മെഴുക്കാട്ടിൽ മിൽസ് | 3/20-21 | 30 |
| 3 | Gati Kintetsu Expressലിമിറ്റഡ് | 571/20-21 | 26 |
| 4 | മിന്റ് ലോജിസ്റ്റിക്സ് | 204/20-21 | 10 |
| 5 | ആലംപള്ളി ബ്രദേഴ്സ് | 47/20-21 | 100 |
| 6 | സ്കൈ ബ്ലൂ പ്ലൈവുഡ്സ് ലിമിറ്റഡ് | 344/20-21 | 20 |
| 7 | ഓറിയന്റൽ ഇൻഡസ്ട്രീസ് | 143/20-21 | 18 |
| 8 | ഓറിയന്റ് ഇലക്ട്രിക് ലിമിറ്റഡ് | 205/20-21 | 10 |
| 9 | ഫാം ഫോറേജ് ഇന്ത്യ ലിമിറ്റഡ് | 505/20-21 | 16 |
| 10 | എടത്തല പോളിമേഴ്സ് | 221/20-21 | 62 |
| 11 | സഫ പ്ലൈവുഡ്സ് | 145/20-21 | 29 |
| 12 | സാവിഗോ ട്യൂബ്സ് ലിമിറ്റഡ് | 259/20-21 | 10 |
| 14 | എസ്.എസ്.കെ പോളിമേഴ്സ് | 40/20-21 | 40 |

ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യപ്പെടാത്ത മറ്റ് വിഭാഗങ്ങൾ

എ) ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ

1)എടത്തല ക്ഷീരോല്പാദക സഹകരണസംഘം
ലി.നം.-ഇ 107(ഡി)APCOS

2)മുകളാർകുടി ക്ഷീരോല്പാദക സഹകരണസംഘം
ലി. നം.-ഇ 332(ഡി) APCOS

3)നൊച്ചിമ ക്ഷീരോല്പാദക സഹകരണസംഘം
ലി.നം.-ഇ 237(ഡി) APCOS

ബി) പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ കരാറുകാർ

സി) എടത്തല പോലീസ് സ്റ്റേഷനിലെ ജീവനക്കാർ .

ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കണമെന്നാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-21/26.11.21 ) മറുപടി നൽകിയില്ല. മേൽപ്പറഞ്ഞ മുഴുവൻ ജീവനക്കാർക്കും ബാധകമായ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 ട്രേഡേഴ്സ് ലിസ്റ്റ്/ഡിമാന്റ് രജിസ്റ്റർ-തയ്യാറാക്കുന്നില്ല

ട്രേഡേഴ്സിന്റേയും മറ്റ് സ്ഥാപനങ്ങളുടെയും പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കി, പ്രസ്തുത ലിസ്റ്റിലെ ക്രമപ്രകാരം രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സ്ഥാപന തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ ലൈസൻസ് രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നത്. ഇത്തരത്തിൽ കൃത്യമായ ലിസ്റ്റും അതനുസരിച്ച് ഡിമാന്റ് രജിസ്റ്ററും സൂക്ഷിയ്ക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും നികുതി പിരിച്ചെടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കാനാവുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റും രജിസ്റ്ററും സൂക്ഷിക്കുന്നത് സംബന്ധിച്ച് 2016-17, 2017-18, 2018-19 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലായി തുടരെ നിർദ്ദേശങ്ങളുണ്ടായിട്ടും ആയത് സൂക്ഷിക്കാത്തത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും ട്രേഡേഴ്സിന്റേയും മറ്റ് സ്ഥാപനങ്ങളുടെയും വാർഡടിസ്ഥാനത്തിലുള്ള പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കി, ലിസ്റ്റിലെ ക്രമപ്രകാരം ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-17 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് സംബന്ധിച്ച അപാകതകൾ താഴെപ്പറയുന്നു.

ലൈസൻസ് ഭേദഗതി ഉത്തരവ് നടപ്പാക്കുന്നതിന് കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും ഭേദഗതി ഉത്തരവ് പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിക്കാവുന്നതുമാണ്. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ മൂലധന നിക്ഷേപത്തിനനുസരിച്ചാണ് ഫീസ് ഈടാക്കിയതെന്ന് കാണുന്നു. ഏറ്റവും കുറഞ്ഞത് 500/-രൂപ ലൈസൻസ് ഫീസായി ഈടാക്കുന്നുമുണ്ട് . എന്നാൽ മൂലധന നിക്ഷേപം കണക്കാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിന് നാളിതുവരെ പഞ്ചായത്ത് കമ്മിറ്റി തിരുമാനമെടുത്തിട്ടില്ല (എൻക്വയറി നം-22/27.11.21) ഭേദഗതി ഉത്തരവ് പ്രാബല്യത്തിലായി രണ്ട് സാമ്പത്തിക വർഷം പിന്നിട്ടിട്ടും ആയത് നടപ്പാക്കുവാൻ തീരുമാനമെടുക്കാതിരുന്നത് പഞ്ചായത്ത് കമ്മിറ്റിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ അറിവോ അംഗീകാരമോ ഇല്ലാതെ മൂലധന നിക്ഷേപത്തിനനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയത് പഞ്ചായത്തിന്റെ ആഭ്യന്തര സംവിധാനത്തിലെ നിയന്ത്രണക്കുറവിനെ വെളിവാക്കുന്നു. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ഭേദഗതി ചട്ടങ്ങൾ നടപ്പാക്കുവാൻ എത്രയും വേഗം തിരുമാനം കൈക്കൊള്ളേണ്ടതാണെന്നറിയിക്കുന്നു.

2)താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം കണക്കാക്കിയതും ലൈസൻസ് ഫീസ് നിശ്ചയിച്ചതും എപ്രകാരമാണെന്ന് വ്യക്തമല്ല. അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ സർട്ടിഫിക്കറ്റിൽ മൂലധന നിക്ഷേപം സൂചിപ്പിക്കുന്ന പേജ് ഉൾപ്പെടുത്തിയിട്ടില്ല. വാലിഡിറ്റി പീരീഡ് മാത്രമുള്ള പേജാണ് അപേക്ഷക്കൊപ്പം വാങ്ങിയിട്ടുള്ളത്. നിക്ഷേപം വെളിവാക്കുന്ന മറ്റ് രേഖകൾ ലഭ്യവുമല്ല.

ഉദാ: ഫ്ലോറാസ് (ലൈസൻസ് നം-160/20-21) ഈടാക്കിയ ലൈസൻസ് ഫീസ്- 4000)

: സഫ പ്ലൈവുഡ്സ് (ലൈസൻസ് നം-145/20-21) ഈടാക്കിയ ലൈസൻസ് ഫീസ്- 2500)

ഈ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം പരിശോധിച്ച് കൃത്യമായ ലൈസൻസ് ഫീ ഈടാക്കി അറിയിക്കേണ്ടതാണ്.

3) 80/2017-ാം നമ്പർ ഭേദഗതി ഉത്തരവ് പ്രകാരം ഉൽപ്പാദന മേഖലയിൽ ഒരു കോടി രൂപയിൽ കൂടുതലും അഞ്ച് കോടി രൂപയിൽ കവിയാത്തതുമായ മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ പരമാവധി 5000/- രൂപ വരെ നിശ്ചയിച്ച് ഈടാക്കാവുന്നതാണ്. താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം ഒരു കോടി രൂപയിൽ കൂടുതലാണെന്ന് സംസ്ഥാന മലിനീകരണ ബോർഡിന്റെ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി സ്ഥാപനങ്ങളിൽ നിന്നും പരമാവധി ഫീസ് ഈടാക്കിയിട്ടില്ല (എൻക്വയറി-22)

| ക്രമ. നം | സ്ഥാപനം | ലൈസൻസ് നം | മൂലധന നിക്ഷേപം (PCB | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | സർട്ടിഫിക്കറ്റ് പ്രകാരം) | |
| 1 | എടത്തല പോളിമേഴ്സ് | 221/20-21 | 4.58 കോടി | 4000 |
| 2 | ആലംപള്ളി ബ്രദേഴ്സ് ലിമിറ്റഡ് | 47/20-21 | 2.84 കോടി | 4000 |
| 3 | ഡൈനാമിക് ടെക്സോ മെഡിക്കൽ പ്രൈ.ലിമിറ്റഡ് Unit-2 | 159/20-21 | 4.06 കോടി | 4000 |
| 4 | ഡൈനാമിക് ടെക്സോ മെഡിക്കൽ പ്രൈ.ലിമിറ്റഡ് | 163/20-21 | 3.28 കോടി | 4000 |

മേൽ സ്ഥാപനങ്ങളിൽ നിന്നും മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1-18 ആസ്തി സംരക്ഷണം-വിവരങ്ങൾ ലഭ്യമാക്കിയില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. ആസ്തിസംരക്ഷണം സർക്കാർ നിർദ്ദേശപ്രകാരം നടപ്പാക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് 22.11.2021 ൽ 6ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയതിന്റെയോ അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചതിന്റെയോ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് നിലവിലുള്ള ആസ്തികളുടെ കൃത്യമായ പരിശോധനയും, മെയിന്റനൻസും, സംരക്ഷണവും ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അതിനാൽ വ്യക്തമല്ല. മാനുവലിലെ ഖണ്ഡിക 6.1.2, 6.1.3 എന്നിവ പ്രകാരമുള്ള ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവ നടത്തുന്നതായി കാണുന്നില്ല. ആസ്തി രജിസ്റ്ററിൽ നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും ഉടങ്ങി പ്രധാനപ്പെട്ട വിവരങ്ങൾ പൂർണമായും രേഖപ്പെടുത്തി നിലവിലെ വിവരങ്ങൾ ചേർത്ത് കാലികമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 രജിസ്റ്ററുകളിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

പഞ്ചായത്തിലെ വിവിധ സെക്ഷനുകളിൽ ഉപയോഗത്തിലിരിക്കുന്ന വിവിധ രജിസ്റ്ററുകളിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറുന്നതിന്റെ വിനിയോഗ സാക്ഷ്യപത്രം പലപ്പോഴും തൻവർഷം ലഭിക്കാറില്ല. മുൻകൂർ രജിസ്റ്ററിൽ തുക കൈമാറുന്നതിന്റെ വിവരം കൃത്യമായി രേഖപ്പെടുത്താത്തത് മൂലം മുൻകൂർ ക്രമീകരിച്ചതിന്റെ കൃത്യത ലഭ്യമല്ല. അപാകതകൾ പരിഹരിച്ച് മുൻകൂർ രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

ഇൻകംബെൻസി രജിസ്റ്റർ

സ്ഥാപനത്തിലെ ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തി ഇൻകംബെൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെ ജീവനക്കാരുടെ വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ ചേർക്കുന്നില്ല.

സ്യൂട്ട് രജിസ്റ്റർ

ഗ്രാമപഞ്ചായത്തിലെ വിവിധ കേസുകളുടെ നടത്തിപ്പ് സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സ്യൂട്ട് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കേസ് സംബന്ധിച്ച വിവരങ്ങൾ എല്ലാം ചേർത്ത് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വക്കീലിന് നൽകുന്ന തുകയെ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ 15.7.2015 വരെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിരുന്നെങ്കിലും പിന്നീട് തുകകളുടെ സംക്ഷിപ്തം മാത്രം രേഖപ്പെടുത്തുന്ന രീതിയിലേക്ക് മാറി. രജിസ്റ്ററിലെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ റീ ഫണ്ട് തുകയുടെ വിവരങ്ങളും, നിലവിലും തിരികെ നൽകാത്ത പഴയ ഡെപ്പോസിറ്റുകളുടെ വിവരവും നിരീക്ഷിക്കുന്നതിന് സാധിക്കുന്നില്ല. രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് റിക്കവറി രജിസ്റ്റർ

മുൻ ഓഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള ഓഡിറ്റ് റിക്കവറികളുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ട ഓഡിറ്റ് റിക്കവറി രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ ഉണ്ടെങ്കിലും, ആയതിൽ വിവരങ്ങൾ ഒന്നും ഉൾപ്പെടുത്തുന്നില്ല. രജിസ്റ്ററിൽ വിവരങ്ങളെല്ലാം ഉൾപ്പെടുത്തി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-20 കോവിഡ് 19 - പ്രതിരോധ പ്രവർത്തനങ്ങളുടെ വിവരം

1) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി 2020-21 സാമ്പത്തിക വർഷം 348/21 നമ്പർ ആയി ഒരു പ്രോജക്റ്റ് (കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ) രൂപീകരിച്ചിട്ടുണ്ട്. തനത് ഫണ്ട് ഉൾപ്പെടുത്തി 1000000/- അടങ്കലായി വിഭാവനം ചെയ്ത ഈ പ്രോജക്റ്റ് വഴി 206258/- ചെലവ് ചെയ്തിട്ടുണ്ട്.

2) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യൂത്ത് വാളന്റിയർമാരെ നിയമിക്കുകയും,അവർക്ക് ആവശ്യമായ പരിശീലനം നൽകിയതു വഴി അവരുടെ സജീവ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തിട്ടുള്ളതാണ്.

3) ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റി കിച്ചൻ 28.3.2020 മുതൽ പ്രവർത്തിച്ചിട്ടുണ്ട്. അഗതികൾ, സാന്ത്വന പരിചരണത്തിലുള്ള കിടപ്പ് രോഗികൾ, നിർദ്ധനർ, അതിഥി തൊഴിലാളികൾ എന്നിവർക്ക് സൗജന്യ ഭക്ഷണം കൃത്യമായി വീടുകളിൽ എത്തിച്ചു നൽകിയിട്ടുമുണ്ട്. 17.4.2020 വരെ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചിരുന്നു.

4) പ്രത്യേക പരിഗണന നൽകേണ്ടവരുടെ (ഗുരുതര രോഗികൾ, പ്രായാധിക്യമുള്ളവർ) സുരക്ഷയ്ക്ക് ഹെൽപ്പ് ഡസ്ക് രൂപീകരിച്ച് പ്രവർത്തിച്ചിട്ടുണ്ട്. ചെലവ് വന്നിട്ടില്ല.

5) പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ശരിയായി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

6) പഞ്ചായത്തിലെ 5-ാം വാർഡിൽ ശാന്തിഗിരി ആശ്രമത്തിൽ CFLTC ആരംഭിക്കുന്നതിന് 40 കിടക്ക - സൗകര്യമുള്ള വിധത്തിൽ ക്രമീകരണങ്ങൾ നടത്തിയിരുന്നു. CFLTC ആരംഭിച്ചില്ല. പിന്നീട് ഇത് DCC പ്രവർത്തിക്കുന്നതിനായി ഉപയോഗിച്ചു.

7) 7.5.21 ന് ആരംഭിച്ച DCC യിലേക്ക് പൾസ് ഓക്സിമീറ്റർ വാങ്ങിയിട്ടുണ്ട്.

8) കോവിഡ് മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് പ്രസിഡന്റിന്റെയും

നോഡൽ ഓഫീസറുടെയും പേരിൽ കേരള ഗ്രാമീൺ ബാങ്ക്, പൂക്കാട്ടുപടി ശാഖയിൽ ഒരു അക്കൗണ്ട് (നം. 4060310108482) 23.7.20 ന് ആരംഭിച്ചിരുന്നു

9) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഓൺലൈൻ ആയി മീറ്റിംഗ് 12.5.21 ന് കൂടിയിരുന്നു. ഈ കമ്മിറ്റി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വാർഡ് തല കമ്മിറ്റികളുമായി നിരന്തരം സമ്പർക്കം പുലർത്തി വാർഡ് തല കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തുകയും അവശ്യാവശ്യമായ എല്ലാ സഹായസഹകരണവും നൽകിവരുന്നു.

1-21 ദുരിതാശ്വാസനിധി -പണമിടപാടുകളില്ല

പ്രകൃതിക്ഷോഭം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് ദുരിതനിവാരണത്തിന് അടിയന്തിര ധനസഹായം നല്കുന്നതിനായി പണം സൂക്ഷിക്കുന്നതിന് വേണ്ടിയാണ് 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങൾ സർക്കാർ എസ് ആർ ഒ നം. 162 / 2003 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത്. പഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ഈ അക്കൗണ്ടിൽ പലിശയല്ലാതെ മറ്റ് വരവ് ചെലവുകളില്ല. അക്കൗണ്ടിൽ 01.04.20 ന് 1948 /- രൂപയുണ്ടായിരുന്നത് തൻവർഷത്തെ പലിശയായ 78 /- രൂപ വരവ് ചേർത്ത് 31.03.21 ന് 2026 /- രൂപയായി. ധനശേഖരണാർത്ഥമുള്ള കലാ - കായിക-വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. അപ്രകാരം ധനം സ്വരൂപിക്കുന്നതിന് നിർബന്ധങ്ങൾ ചെലുത്തുകയോ അധികാരദുർവിനിയോഗം ചെയ്യുകയോ പഞ്ചായത്തിന് ലഭിക്കേണ്ട ഏതെങ്കിലും വരുമാനം ഇല്ലാതാക്കുകയോ ചെയ്യാൻ പാടുള്ളതല്ല. നിധിയിലേക്ക് ഗ്രാമപഞ്ചായത്തിന്റെ ഏതെങ്കിലും ഫണ്ടിൽ നിന്നോ സർക്കാരിൽ നിന്ന് ഗ്രാമപഞ്ചായത്തിന് ലഭിച്ച ഏതെങ്കിലും ഗ്രാന്റിൽ നിന്നോ തുക കൈമാറ്റം ചെയ്യാനും പാടില്ല. നിധിയിലേക്ക് നല്കുന്ന സംഭാവനകൾക്ക് സെക്രട്ടറിയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഒപ്പിട്ട രസീത് നല്കേണ്ടതും അത് അച്ചടിച്ച ഫോറത്തിലായിരിക്കേണ്ടതുമാണ്. ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ ഒരു സബ് കമ്മിറ്റി ആവശ്യമായ അന്വേഷണം നടത്തിയതിനു ശേഷം നിധിയിൽ നിന്ന് തുക പിൻവലിച്ച് അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യാവുന്നതാണ്. നിധിയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ ഒരു ക്യാഷ് ബുക്കിൽ എഴുതേണ്ടതും ലഭിക്കുന്ന അപേക്ഷകളുടെ വിവരം, അനുവദിച്ച ധനസഹായം എന്നിവ രേഖപ്പെടുത്താൻ ഒരു രജിസ്റ്ററും അന്വേഷണം നടത്തുന്ന സബ് കമ്മിറ്റിയുടെ യോഗനടപടികളുടെ മിനിറ്റ്സ് രേഖപ്പെടുത്താൻ ഒരു മിനിറ്റ്സ് പുസ്തകവും സൂക്ഷിക്കേണ്ടതാണ്. നിധിയെ സംബന്ധിച്ച എല്ലാ വരവ് ചെലവ് കണക്കുകളും സെക്രട്ടറി ഓരോ മാസവും ഗ്രാമപഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതാണ്. നിധിയിൽ നിന്ന് ധനസഹായത്തിനായി അപേക്ഷിച്ചവരുടെയും ധനസഹായം ലഭിച്ചവരുടെയും നിധിയിലേക്ക് സംഭാവന നല്കിയവരുടെയും പേര് വിവരങ്ങളും തുകയും മറ്റ് കണക്കുകളും നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വിവരങ്ങൾ ഗ്രാമസഭകളിൽ അറിയിക്കേണ്ടതുമാണ് .

1-22 അനധികൃത നിർമ്മാണം-തുടർനടപടി സ്വീകരിക്കേണ്ടതാണ്

2020-21 വർഷം വൌച്ചർ നമ്പർ 22000966/തീയതി 10.03.2021 പ്രകാരം WP(c)21513/2020 എന്ന കേസിന് 15000/- രൂപ വക്കീൽ ഫീസിനത്തിൽ അഡ്വ.രാജേഷ് എസ് സുബ്രഹ്മണ്യന് നൽകിയിട്ടുണ്ട്. കേസിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ശ്രീ.കൃഷ്ണകുമാർ, ലക്ഷ്മി വിലാസ്, എൻ എ ഡി പി.ഒ എന്ന വ്യക്തി നിർമ്മിച്ച ആലുവ താലൂക്ക്, ആലുവ ഈസ്റ്റ് വില്ലേജ് സർവ്വേ നം.212/4/3/4, ബ്ലോക്ക് നം.36 ൽ (വാർഡ് നം.13) നിർമ്മിച്ച പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് നമ്പർ അനുവദിക്കാത്തതിനെതിരെ അപേക്ഷകൻ ബഹു.കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(c)21513/2020 നമ്പർ കേസിൽ ഹാജരായതിനാണ് വക്കീൽ

ഫീസിനത്തിൽ തുക നൽകിയിരിക്കുന്നത്. എൽ എസ് ജി ഡി എഞ്ചിനിയറുടെ പരിശോധനയിൽ ഈ സ്ഥലം എൻ എ ഡി (നാഷണൽ ആർമമെന്റ് ഡിപ്പോ) പരിധിയിൽ വരുന്നതിനാൽ നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് 17.02.2021 ൽ എ5-9134/2020 നമ്പറായി എൻ എ ഡി ചീഫ് ജനറൽ മാനേജർക്ക് കത്ത് നൽകിയിരുന്നു. റീസർവേ നം. 212/4-3 (പഴയ സർവേ നം. 713/1), GOI, MoD ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ DL-33001/32 തീയതി 15.02.1992, എറണാകുളം ജില്ലാ കളക്ടറുടെ പബ്ലിക്ക് നോട്ടീസ് നമ്പർ 51287/95 തീയതി 18.12.1995 എന്നിവ പ്രകാരം എൻ എ ഡി യുടെ സേഫ്റ്റി സോണിൽ വരുന്നതാണെന്നും നിർമ്മാണങ്ങൾക്ക് നിരോധനം ഉള്ളതിനാൽ കെട്ടിടം ക്രമവൽക്കരിക്കുന്നതിന് നിരാക്ഷേപ പത്രം അനുവദിക്കാൻ സാധിക്കില്ലെന്നും 08.03.2021 ലെ AAQ/7013/LG Krishnakumar നമ്പർ കത്തിൽ എൻ എ ഡി മറുപടി നൽകിയിട്ടുണ്ട്. പ്രതിരോധ മന്ത്രാലയത്തിന്റെ വിജ്ഞാപന പ്രകാരം നിരോധിത മേഖലയായ സ്ഥലത്ത് പണിത കെട്ടിടം ക്രമവൽക്കരിക്കാൻ സാധിക്കില്ലെന്നിരിക്കെ 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം ,വകുപ്പ് 235 ഡബ്ല്യു, 2019 ലെ കേരളാ പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 96 എന്നിവ പ്രകാരം തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കുവാനും ഈ കെട്ടിടം അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ചേർത്ത് നികുതി ഈടാക്കി വരുന്നുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ 27.11.2021 ലെ 27ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 മരുന്ന് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ് 123/21, മുതിരക്കാട്ടുമുകൾ ഹോമിയോ ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ |
| അടങ്കൽ | 1,00,000/- (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് ) |
| ചെലവ് | 1,00,000/- |
| ബിൽ റഫറൻസ് നമ്പർ | 16900775890 തീയതി 25.11.2020/- |

2020-21 വർഷം മരുന്ന് ലഭ്യമാക്കുന്നതിന് ഈ പദ്ധതിയിൽ ആകെ 1,00,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് കൈമാറിയെങ്കിലും ആകെ 66120/- രൂപയുടെ മരുന്ന് മാത്രമാണ് വിവിധ തീയതികളിലായി ലഭ്യമായിട്ടുള്ളത്. 33880/- രൂപയുടെ മരുന്ന് ഇനിയും ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്. കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കുന്നത് വരെ 33880/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആരോഗ്യമേഖല നിരവധി പ്രതിസന്ധികൾ നേരിടുന്ന ഈ സമയത്ത് മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുവാൻ ആവശ്യമായ പരിഹാരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ - അപാകതകൾ

പ്രോജക്ട് - കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ(366/20-21)

നിർവ്വഹണം - കൃഷി ഓഫീസർ

അടങ്കൽ തുക - 50000( തനത് ഫണ്ട് )

ചെലവ് - 49719

സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയഭരണസ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറുകൾ, ലാപ്പ് ടോപ്പുകൾ, പ്രിന്ററുകൾ തുടങ്ങിയ ഐ.ടി. ഉപകരണങ്ങൾ ഒരു ഓൺലൈൻ സർക്കാർ പോർട്ടലിലൂടെ(www.cprcs.kerala.gov.in) വാങ്ങണമെന്ന് 18/11/2017 ലെ സ.ഉ (എം എസ് ) 24/2017/ITD നമ്പർ ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഐ റ്റി മിഷൻ തയ്യാറാക്കിയ സ്പെസിഫിക്കേഷനിലുള്ള ഐ. റ്റി ഉപകരണങ്ങൾ കെൽട്രോൺ മുഖാന്തിരം ടെണ്ടർ ചെയ്ത് വില നിശ്ചയിച്ച് വകുപ്പുകളിൽ വർക്ക് ഓർഡറിന്റെ അടിസ്ഥാനത്തിൽ വിതരണം നടത്തുന്നതിനുള്ള സൗകര്യമാണ് ഈ സംവിധാനത്തിലൂടെ ഒരുക്കിയിരിക്കുന്നത്.

അംഗീകരിച്ച പ്രൊജക്റ്റിലും Cprcs പോർട്ടലിലൂടെ വാങ്ങണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങിയത് ക്വട്ടേഷൻ മുഖേന കെയ്ക്കോ എന്ന സ്ഥാപനത്തിൽ നിന്നാണ്. ഇതിനായി 49719രൂപ 29.3.21 കെയ്ക്കോയുടെ അക്കൗണ്ട് നം- 57044384233ലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടപടികൾ നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേക്ഷണക്കുറിപ്പിന് - 13/24.11.21- മറുപടിയായി സർക്കാർ ഓൺലൈൻ പോർട്ടലിൽ നിന്ന് ലഭിക്കാൻ കാലതാമസം ഉണ്ടാകും എന്നതിനാലാണ് ക്വട്ടേഷൻ വഴി വാങ്ങിയത് എന്നാണ് അറിയിച്ചത്. സർക്കാർ നിർദ്ദേശം പാലിച്ച് വാങ്ങൽ നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-25 മൃഗസംരക്ഷണമേഖലയിലെ പദ്ധതികൾ - നടപ്പിലാക്കിയില്ല.

2020-21 വർഷം അംഗീകാരം ലഭിച്ച 9 പ്രൊജക്റ്റുകളിൽ 5 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്. 3833000/- രൂപ വകയിരുത്തിയതിൽ 668000/- രൂപ മാത്രമാണ് ചെലവഴിച്ചത്. പദ്ധതി ഫണ്ടിൽ നിന്നും 1683750/- രൂപ വകയിരുത്തിയതിൽ 570000/- രൂപ മാത്രമാണ് ചെലവ്. മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 158000/- രൂപ വകയിരുത്തിയതിൽ 98000/- രൂപ മാത്രമേ ചെലവഴിക്കാൻകഴിഞ്ഞിട്ടുള്ളൂ. വേണ്ടത്ര ആസൂത്രണമില്ലാതെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിക്കുന്നതുമൂലം ജനോപകാരപ്രദമായ പ്രോജക്റ്റുകൾക്കായി ചെലവഴിക്കപ്പെടേണ്ട ഫണ്ടുകൾ നഷ്ടപ്പെടാൻ ഇടയാകുന്നു.

ഓഡിറ്റ് എൻക്വയറിക്കുള്ള ( 9/23.11.21) മറുപടിയായി ഗുണഭോക്താക്കൾ ഇല്ലാത്തതിനാലാണ് പദ്ധതി ഫണ്ട് ചെലവഴിക്കാൻ കഴിയാതിരുന്നത് എന്നാണ് മറുപടി നൽകിയത്. ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ ആവശ്യകത അടിസ്ഥാനമാക്കി നടപ്പിലാവുന്ന പദ്ധതികൾ മാത്രം രൂപീകരിക്കേണ്ടതും ഗുണഭോക്താക്കളുടെ എണ്ണത്തിനനുസിച്ച് പദ്ധതി ഫണ്ട് വകയിരുത്തുകയും ചെയ്യേണ്ടതാണ്. മാർഗരേഖയിലെ അർഹതാമാനദണ്ഡങ്ങൾ പരിശോധിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതും ആവശ്യമായ രേഖകൾ നിർവഹണഉദ്യോഗസ്ഥ വാങ്ങി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

1-26 കറവ പശു വളർത്തൽ പദ്ധതി- നടപടിക്രമങ്ങൾ പാലിച്ചില്ല

കറവപശു നൽകുന്നതിനുള്ള രണ്ട് പദ്ധതികൾ വെറ്ററിനറി സർജൻ 2020-21 ൽ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രൊജക്റ്റ് നമ്പർ | അടങ്കൽ (Plan) | ചെലവ് | ബിൽ നമ്പർ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 149/2020-21 | 137500 | 137500 | 3/20.4.20 | 5 |
| 6/2020-21 | 412500 | 302500 | 5/25.3.21 | 11 |

ഗുണഭോക്താക്കൾ 55000/-രൂപ ലോണായി എടുത്ത് 55000/-രൂപ വിലയുള്ള പശുവിനെ വാങ്ങുകയും സബ്സിഡി തുക 27500/- രൂപ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നരീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എടത്തല സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറി വെറ്ററിനറി സർജന് നൽകിയ കത്തിൽ ഗുണഭോക്താക്കൾക്ക് ബാങ്കിൽ നിന്നും കറവ പശു വളർത്തൽ പദ്ധതിയ്ക്ക് വായ്പ നൽകാൻ സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്. ബാങ്ക് നൽകിയ ലിസ്റ്റിലെ ഗുണഭോക്താക്കളുടെ സബ്സിഡി തുക സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിന് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

A)സബ്സിഡി മാർഗരേഖ സ.ഉ (കൈ) 22/2018 /ത സ്വ ഭ വ തീ.14/2/2018 ഖ.6.2 കുറിപ്പ് 3 ൽ വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ചെർമാനായും, വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റി ആയിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിക്ക് നേരിട്ട് വാങ്ങാം, പ്രായം,

ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃകമ്മിറ്റി മുഖേനയല്ല പർച്ചേസ് നടത്തിയത്. ഗുണഭോക്താക്കൾ നേരിട്ട് പശുവിനെ വാങ്ങുകയാണ് ചെയ്തത്. കൂടാതെ നിർവഹണ ഉദ്യോഗസ്ഥൻ പശുവിന്റെ പ്രായം, ഗുണനിലവാരം എന്നിവ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല B)സർവ്വീസ് കോ ഓപ്പറേറ്റീവ്ബാങ്കുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും, പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സബ്സിഡി തുക ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

C). ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റ് / വരുമാനം തെളിയിക്കുന്നതിനുള്ള മറ്റ് രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല

ഓഡിറ്റ് എൻക്വയറിക്കുള്ള (9/23.11.21) മറുപടിയായി ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്താറുണ്ട് എന്നും തുടർവർഷങ്ങളിൽ പദ്ധതിനടപ്പിലാക്കുമ്പോൾ എല്ലാ അർഹതാരേഖകളും വാങ്ങി സൂക്ഷിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണം നടത്തുമ്പോൾ സർക്കാർ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

1-27 വയോജനങ്ങൾക്ക് കട്ടിൽ വിതരണ പദ്ധതി -അപാകതകൾ

പ്രൊജക്ട് -വയോജനങ്ങൾക്ക് കട്ടിൽ- 133/20-21

നിർവ്വഹണം – ഐ സി ഡി എസ് സൂപ്പർവൈസർ

അടങ്കൽ - 825900 (Plan) തനത് ഫണ്ട്-600

ചെലവ് - 668250 (Plan)

ബിൽ - 10/5.11.20-59250 (2019-20

17/15.2.21 -609000

ഫോറസ്റ്റ് ഇൻഡസ്ട്രീസ്, ആലുവ യിൽ നിന്നും നേരിട്ട് കട്ടിൽ വാങ്ങി വയോജനങ്ങൾക്ക് വിതരണം ചെയ്യാനാണ് പദ്ധതിയിൽ ഉദേശിച്ചിരുന്നത്. 175 കട്ടിലുകൾക്ക് 761250/- രൂപയാണ് ഫോറസ്റ്റ് ഇൻഡസ്ട്രീസിന്റെ ഇൻവോയ്സ് (PF/1112/20-21/29.1.21) പ്രകാരം വില. ഇതിന്റെ 80% - മായ609000 രൂപ നിർവഹണഉദ്യോഗസ്ഥ മുൻകൂറായി കൈമാറിയിട്ടുണ്ട്. എന്നാൽ 31.12.20 ന് മാത്രമാണ് 100 കട്ടിലിന് സപ്ലൈ ഓർഡർ നൽകിയത്. തുടർന്ന് 28.1.21 ന് എണ്ണം റിവൈസ് ചെയ്ത് 175 കട്ടിലിന് ഓർഡർ നൽകി. വീണ്ടും 15.4.21 എണ്ണത്തിൽ മാറ്റം വരുത്തി 142കട്ടിലായി കുറച്ചു. 10/21 ൽ മാത്രമാണ് കട്ടിലുകൾ (142) ലഭിച്ചത്. 15.2.21 ന് മുൻകൂർ നൽകിയെങ്കിലും ഫോറസ്റ്റ് ഇൻഡസ്ട്രീസുമായി കരാർ തയ്യാറാക്കിയത് 30.3.21 ന് മാത്രമാണ്. കരാറിൽ കാലാവധി (സപ്ലൈ ചെയ്യേണ്ടത് എത്ര ദിവസത്തിനകം എന്നത് ) പറഞ്ഞിട്ടില്ല. കരാർ വ്യവസ്ഥ 4 പ്രകാരം സപ്ലൈ ലഭിച്ചശേഷമാണ് തുക നൽകേണ്ടിയിരുന്നത്. മുൻകൂർ നൽകിയ തുകയെപ്പറ്റി കരാറിൽ പരാമർശിച്ചിട്ടില്ല.ഗുണഭോക്താക്കളുടെ എണ്ണം കൃത്യമായി തയ്യാറാക്കി കരാറിൽ ഒപ്പുവച്ച് സപ്ലൈ ഓർഡർ നൽകിയശേഷമാണ് പദ്ധതി ഫണ്ട് നൽകേണ്ടിയിരുന്നത്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് - 17/26.11.21 -മറുപടിയായി ഗുണഭോക്താക്കളുടെ അപേക്ഷ ലഭിക്കാതിരുന്നതിനാലും പല ഗുണഭോക്താക്കളും മരണപ്പെട്ടതിനാലുമാണ് കട്ടിലിന്റെ എണ്ണം റിവൈസ് ചെയ്യേണ്ടിവന്നതും കാലതാമസം ഉണ്ടായതും എന്ന് അറിയിച്ചിട്ടുണ്ട്

കൃത്യമായ ആവശ്യകതനിർണ്ണയിക്കാതെ പദ്ധതി ഫണ്ട് മുൻകൂറായി അനുവദിക്കുകയും ഒരു വർഷത്തോളം കഴിഞ്ഞ് ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് സപ്ലൈ ഓർഡർ നൽകുകയും ചെയ്യുന്നത് ക്രമപ്രകാരമല്ല. വികസന ആവശ്യങ്ങൾക്കായി ലഭിക്കുന്ന പരിമിതമായ പദ്ധതി ഫണ്ട് ഇപ്രകാരം മുൻകൂറായി സ്ഥാപനങ്ങൾക്ക് ഒരു വർഷത്തിനും മുൻപേ അനുവദിക്കുന്നത് പഞ്ചായത്തിന്റെ

താൽപര്യങ്ങൾക്ക് അനുസൃതമല്ല. ഭാവിയിൽ ഗുണഭോക്താക്കളുടെ എണ്ണം കൃത്യമായി നിർണ്ണയിച്ചശേഷം സ്ഥാപനവുമായി കരാറിലേർപ്പെട്ട് സപ്ലൈ ഓർഡർ നൽകിയശേഷം മാത്രം പദ്ധതി തുക നൽകുവാനും കാലതാമസം കൂടാതെ ഇവ ലഭ്യമാക്കി വിതരണം ചെയ്യാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-28 അങ്കണവാടി പോഷകാഹാരം - ആവശ്യമായ വിഹിതം വകയിരുത്തിയില്ല

നിർവഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ : 11/21

പ്രൊജക്ട് : അങ്കണവാടി പോഷകാഹാരം

അടങ്കൽ - 70,00,000/-

ചെലവ് - 64,03,387/-

അങ്കണവാടി പോഷകാഹാര വിതരണത്തിനായുള്ള ഓഡിറ്റ് വർഷത്തെ പ്രൊജക്ടിൽ നിന്നും 1180204 രൂപ (563294/- (Supplyco Invoice Dt 3-12-2019) & 616910 (Supplyco Invoice Dt 18.3.20 ))മുൻവർഷത്തെ ചെലവ് വഹിക്കുന്നതിന് വിനിയോഗിച്ചിട്ടുണ്ട്. പ്രൊജക്ട് വിഹിതം മതിയാകാത്ത സാഹചര്യത്തിൽ അധിക തുക വകയിരുത്തി പ്രൊജക്ട് ഭേദഗതി വരുത്തുകയും തൻവർഷം ഫണ്ട് ലഭ്യമാകാത്ത പക്ഷം അടുത്ത വർഷം സ്പിൽ ഓവറാക്കി ചെലവ് ചെയ്യുകയുമാണ് ചെയ്യേണ്ടിയിരുന്നത്. ഇതിന് വിരുദ്ധമായി തുക വിനിയോഗിച്ചത് തൻവർഷത്തെ പ്രൊജക്ട് ലക്ഷ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. കൂടാതെ മുൻവർഷത്തെ ചെലവ് നടത്തുന്നതിന് തൻവർഷത്തെ വിഹിതം വിനിയോഗിച്ചത് അംഗീകരിച്ച ബജറ്റിൽ നിന്നുള്ള വ്യതിചലനവുമാണ് .
ഓഡിറ്റ് എൻക്വയറി 17/26.11.21 നുള്ള മറുപടിയിൽ പോഷകാഹാരവിതരണം തടസ്സപ്പെടാതിരിക്കണം എന്നതിനാലും പ്രതീക്ഷിച്ച കേന്ദ്രവിഹിതം ലഭിക്കാതിരുന്നതിനാലുമാണ് മുൻവർഷത്തെ തുക അടുത്ത വർഷത്തെ പദ്ധതിയിൽ നിന്നും നൽകേണ്ടിവന്നത് എന്നും ഭാവിയിൽ ആവശ്യമായ തുക വകയിരുത്തുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.
പദ്ധതിയ്ക്ക് ആവശ്യമായ തുകയുടെ കണക്ക് ലഭ്യമാണ് എന്നതിനാൽ ആവശ്യമായ തുക പദ്ധതി രൂപീകരണ സമയത്ത് വകയിരുത്താവുന്നതാണ്. പദ്ധതിക്ക് ആവശ്യമായ വിഹിതം ഉറപ്പുവരുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്.

## 1-29 ന്യൂട്രിമിക്സ് - ജി.എസ്.ടി നൽകിയത്

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയും 2020-2021 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ കി.ഗ്രാമിന് 70രൂപ നിരക്കിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് എടത്തല അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റാണ്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate) ലെ ക്രമ നം. 66 ക്ലോസ് (B) (Ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05 /2021നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അങ്കണവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്നകാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ നിർമ്മാണയൂണിറ്റ് നൽകിയ ബില്ലിൽ അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം 5% ജി.എസ്.ടി കൂടി ചുമത്തിയിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം | ന്യൂട്രിമിക്സിന്റെ വില (ട്രാൻപോർട്ടേഷൻ ഉൾപ്പെടെ) | ജി.എസ്.ടി | ചെലവ് വിവരം |
| --- | --- | --- | --- | --- |

| | | | | |
|---|---|---|---|---|
| 1 | 175/23.5.20 | 172938 | 8180 | ട്രഷറി ബിൽ 04/8.7.20 |
| 2 | 192/23.6.20 | 169608 | 8022 | ട്രഷറി ബിൽ 04/8.7.20 |
| 3 | 204/24.8.20 | 184482 | 8726 | ട്രഷറി ബിൽ 06/11.9.20 |
| 4 | 217/19.9.20 | 196914 | 9314 | ട്രഷറി ബിൽ 8/11.11.20 |
| 5 | 231/28.10.20 | 198690 | 9398 | Central Share 45708/2.12.20 |
| 6 | 241/21.11.20 | 204462 | 9670 | Central Share 669334/17.2.21 |
| 7 | 254/21.12.20 | 202686 | 9586 | “ |
| 8 | 269/25.2.21 | 198246 | 9376 | ചെക്ക് 781081/30.3.21 |
| | ആകെ | | 72272 | |

വനിതാ ശിശുവികസന ഡയറക്ടറുടെ 18.8.21 ലെ കത്തിൽ ഈ വിഷയത്തിൽ കൂടുതൽ സ്പഷ്ടീകരണം ലഭ്യമാകുന്നതുവരെ ജി.എസ്.ടി നൽകാമെന്ന് പറഞ്ഞിട്ടുള്ളതിനാലാണ് തുക നൽകിയത് എന്നാണ് ഓഡിറ്റ് എൻക്വയറി നം. 17/26.11.21 ന് ലഭിച്ച മറുപടി. സ്പഷ്ടീകരണം ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 ന്യൂട്രീമിക്സ് സാമ്പിളുകൾ-ഗുണനിലവാരം പരിശോധിക്കേണ്ടതാണ്.

നിർവ്വഹണം – ഐ സി ഡി എസ് സൂപ്പർവൈസർ

പ്രൊജക്റ്റ് നമ്പർ : 11/21

പ്രൊജക്റ്റ് : അങ്കണവാടി പോഷകാഹാരം

അടങ്കൽ - 70,00,000

ചെലവ് - 64,03,387

ഗ്രാമ പഞ്ചായത്തിലെ 42 അങ്കണവാടികളിലെ കുട്ടികൾക്കായി അനുപൂരക പോഷകാഹാര പദ്ധതി യിൽ ഉൾപ്പെടുത്തി ടി.എച്ച് ആർ.എസ് ഭക്ഷ്യ മിശ്രിതം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എടത്തല അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റിൽ നിന്നും വാങ്ങിയ ഭക്ഷ്യമിശ്രിതമാണ് അങ്കണവാടികൾ വഴി കുട്ടികൾക്ക് വിതരണം ചെയ്യുന്നത്. എന്നാൽ ഈ ന്യൂട്രീമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കണമെന്ന് സാമൂഹ്യക്ഷേമ ഡയറക്ടറുടെ ഐ.സി ഡി.എസ് ബി.3-312/ 2010/18-12-10 - ലെ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് – 17/26.11.21 -മറുപടിയായി ലാബ് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ലാബ് റിപ്പോർട്ടുകൾ കൃത്യമായി ലഭ്യമാക്കി പരിശോധിച്ച് അങ്കണവാടി കുട്ടികൾക്ക് നൽകുന്ന പോഷകാഹാരത്തിന്റെ ഗുണമേന്മ ഉറപ്പാക്കി മാത്രം വിതരണം നടത്തേണ്ടതാണ്.

1-31 കോഴ്സ് പൂർത്തീകരിച്ചതിനുശേഷം ലാപ് ടോപ് അനുവദിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്റ്റ് നം. 240/21, എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്

അടങ്കൽ -300132(വികസന ഫണ്ട്-)

- 168000(തനത് ഫണ്ട്)

ചെലവ് - 82467 (വികസന ഫണ്ട്-SCP)

ബിൽ നം- 8/23.6.20

ഗ്രാമപഞ്ചായത്തിലെ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായി 2019-20 ലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കെൽട്രോണിൽ നിന്നും 27489/- രൂപ നിരക്കിലാണ് ലാപ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്. പദ്ധതി പ്രകാരം 2020-21ൽ 3 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ നൽകിയിട്ടുണ്ട്

2020-21 വർഷം ലാപ് ടോപ് അനുവദിച്ച 3 വിദ്യാർത്ഥികളിൽ 2പേരും 2019-2020 വർഷത്തിൽ പഠനം പൂർത്തിയാക്കിയവരാണ്. ഇൻവോയിസുകൾ പരിശോധിക്കുമ്പോൾ 3/2021 ലാണ് ലാപ്ടോപ്പുകൾ നൽകിയിട്ടുള്ളത്. പഠനം അവസാനിച്ചതിനുശേഷം ലാപ്ടോപ്പുകൾ നൽകിയതിനാൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | കോഴ്സ് സർട്ടിഫിക്കറ്റ് |
|---|---|---|
| സഞ്ജു സുനിൽദാസ് | ബി.എ അനിമേഷൻ & ഗ്രാഫിക് ഡിസൈൻ (യെൽദോമാർ ബസേലിയസ് കോളേജ് എടത്തല) | നം- ഇല്ല തിയതി 3.9.19 |
| അശ്വതി.എ.എസ് | ബി.കോം -(എം.ഇ.എസ് കോളേജ് മാറംപിള്ളി) | Mes/mc/ Mis/20 Dt 6.2.20 |

ഓഡിറ്റ് എൻക്വയറിക്ക് (5/22.11.21) മറുപടിയായി കെൽട്രോണിൽ നിന്നും ലാപ് ടോപ് ലഭിക്കാൻ കാലതാമസം ഉണ്ടായി എന്നും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതിനാലാണ് 2019-20 ൽ വിദ്യാഭ്യാസം പൂർത്തിയായെങ്കിലും ലാപ് ടോപ് നൽകിയത് എന്നാണ് മറുപടി നൽകിയത്. ലാപ് ടോപ് വിതരണ സമയത്ത് പ്രസ്തുത ഗുണഭോക്താക്കൾ വിദ്യാർത്ഥികളല്ല. കോഴ്സ് കാലാവധിക്കകം വിതരണം ചെയ്താൽ മാത്രമേ ലാപ്ടോപ്പ് പഠനാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുവാൻ കഴിയുകയുള്ളു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാനും വിദ്യാഭ്യാസആവശ്യങ്ങൾക്കായി നൽകുന്ന ലാപ് ടോപ് വിദ്യാർത്ഥികൾക്ക് മാത്രം വിതരണം ചെയ്യുവാനും ശ്രദ്ധിക്കേണ്ടതാണ്.

1-32 വിദ്യാർത്ഥികൾക്ക് പഠനോപകരണം വിതരണപദ്ധതി - അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകുന്നതിന് ഓഡിറ്റ് വർഷം 2 പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

A).പ്രൊജക്ട് നം. 295/21, എസ്.ടി. വിദ്യാർത്ഥികൾക്ക് പഠനോപകരണം

അടങ്കൽ-52000(വികസന ഫണ്ട്-TSP)

ചെലവ് - 24998

ബിൽ നം-10/6.7.20

ഗ്രാമപഞ്ചായത്തിലെ എസ്.ടി വിദ്യാർത്ഥികൾക്ക് ടേബിളും ചെയറും നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആർട്ട്കോയിൽ നിന്നും ടേബിളും ചെയറും വാങ്ങി 5 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

B)പ്രൊജക്ട് നം. 291/21, എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണം

അടങ്കൽ-4,00,006 (വികസന ഫണ്ട്-SCP)

ചെലവ് - 399974

ബിൽ നം-9/9.7.20-49997

13/7.8.20- 124992

14/21.8.20- 74995

15/30.9.20- 149990

മേൽ പറഞ്ഞ2 പദ്ധതികളുടെ നിർവഹണത്തിലെ അപാകതകൾ താഴെ പറയുന്നു.

| സബ്സിഡി മാർഗരേഖ പ്രകാരമുള്ള നിബന്ധനകൾ | റിമാർക്സ് |
|---|---|
| സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമാണ് പഠനോപകരണങ്ങൾ നൽകേണ്ടത്. | സ്കൂളുകളിൽനിന്നുള്ള ലിസ്റ്റ് പ്രകാരമല്ല ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്. |
| ഫർണീച്ചർ വാങ്ങി സ്കൂൾ അധികൃർ മുഖേന വിതരണം ചെയ്യണം | പഞ്ചായത്ത് നേരിട്ട് വിതരണം ചെയ്തു. |
| ഒരു വിദ്യാർത്ഥിക്ക് ഒരു പഠനകാലയളവിൽ ഒരിക്കൽ മാത്രം | ഓരോ വർഷത്തേയും ഗുണഭോക്താക്കളുടെ വിവരം ഉൾപ്പെടുത്തി രജിസ്റ്റർ-/ ഡാറ്റബേസ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. അതിനാൽ ഗുണഭോക്താക്കൾ മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയവരാണോ എന്ന് ഉറപ്പുവരുത്താൻ കഴിയില്ല. |
| മറ്റു വകുപ്പിൽ നിന്ന് ഇതേ ആനുകൂല്യം ലഭിച്ചവർക്ക് അർഹതയില്ല | മറ്റ് വകുപ്പുകളിൽ നിന്നും വിവരം/ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല |

അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/22.1.2021) മറുപടിയായി വാർഡ് മെമ്പർമാർ തരുന്ന ലിസ്റ്റ് പ്രകാരം പ്രൊജക്ട് നടപ്പിലാക്കിയത് എന്നും തുടർവർഷങ്ങളിൽ സബ്സിഡി മാർഗരേഖ പ്രകാരം തന്നെ ചെയ്യാൻ ശ്രമിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

1-33 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്-അപാകതകൾ

പ്രൊജക്ട് നം- 171/21- കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്.

നിർവഹണം – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ- 334000(Plan-general)

ചെലവ് - 250000

ബിൽനം -5/20.4.20-43000

-6/20.4.20-30000

-7/22.5.20-42000

-4/20.4.20 – 45000

- 12/12.8.20-90000

പദ്ധതി പ്രകാരം 18 യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്. സബ് സിഡി മാർഗരേഖ - സ.ഉ (കൈ) 22/18/ തസ്വഭവ/14.2.18 -ഖണ്ഡിക 7.8.3 പ്രകാരം യൂണിറ്റുകൾക്ക് വ്യക്തമായവായ്പ അധിഷ്ഠിതമായ തൊഴിൽ സംരംഭം പ്രൊജക്റ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് റിവോൾവിംഗ് ഫണ്ട് നൽകാവുന്നത്. എന്നാൽ അപ്രകാരമുള്ള പ്രൊജക്റ്റുകളോ തൊഴിൽ സംരംഭങ്ങളോ ഇല്ലാതെ സി.ഡി.എസ് ലിസ്റ്റ് പ്രകാരമുള്ള കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുകയാണ് ചെയ്തത്.

ഓഡിറ്റ് എൻക്വയറി നം 14/24.11.21 ന് കുടുംബശ്രീ യൂണിറ്റുകൾക്ക് സി.ഡി.എസിന്റെ റിക്വസിഷൻ

പ്രകാരം തുക കൈമാറുകയായിരുന്നു എന്നും മാർഗരേഖയിലെ വ്യവസ്ഥകൾ തുടർവർഷങ്ങളിൽ പാലിച്ചുകൊള്ളാം എന്നും അറിയിച്ചിട്ടുണ്ട്. മാർഗരേഖയിലെ നിർദേശങ്ങൾക്കനുസരിച്ചുള്ള അർഹതാമാനദണ്ഡങ്ങൾ പ്രൊജക്ടിൽ ഉൾപ്പെടുത്തേണ്ടതും അതിനനുസൃതമായി ഗുണഭോക്തൃഗ്രൂപ്പുകളെ തിരഞ്ഞെടുക്കേണ്ടതുമാണ്.

## 1-34 മുൻകൂർ തുക അനുവദിച്ചിട്ടും കട്ടിൽ ലഭ്യമായില്ല

പ്രൊജക്ട് നം. 65/21, എസ്.സി.വയോജനങ്ങൾക്ക് കട്ടിൽ
നിർവഹണം – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ- 4,56,750 (വികസന ഫണ്ട്-SCP)

ചെലവ് - 3,65,400

ബിൽ നം-22/6.1.21

ഫോറസ്റ്റ് ഇൻഡസ്ട്രീസ്, ആലുവ യിൽ നിന്നും നേരിട്ട് കട്ടിൽ വാങ്ങി വയോജനങ്ങൾക്ക് വിതരണം ചെയ്യാനാണ് പദ്ധതിയിൽ ഉദേശിച്ചിരുന്നത്. 105 കട്ടിലുകൾക്ക് 456750/- രൂപയാണ് ഫോറസ്റ്റ് ഇൻഡസ്ട്രീസിന്റെ ഇൻവോയ്സ് (PF/100/20-21/13.1.21) പ്രകാരം വില. ഇതിന്റെ 80% - മായ 365400/- രൂപ നിർവഹണഉദ്യോഗസ്ഥ മുൻകൂറായി കൈമാറിയിട്ടുണ്ട്. 7.10.21 ന് മാത്രമാണ് കട്ടിലുകൾക്ക് സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത്. പ്രസ്തുത സപ്ലൈ ഓർഡറിൽ 30 കട്ടിൽ മാത്രമാണ് ആവശ്യപ്പെട്ടിട്ടുള്ളതും. എന്നാൽ നാളിതുവരെ കട്ടിൽ ലഭിച്ചിട്ടില്ല. പദ്ധതിതുക മുൻകൂറായി നൽകിയപ്പോൾ എഫ്.ഐ.ടി യുമായി നിർവഹണഉദ്യോഗസ്ഥ കരാർ ചമച്ചിട്ടില്ല. ഗുണഭോക്താക്കളുടെ എണ്ണം കൃത്യമായി കണക്കാക്കി കരാറിൽ ഒപ്പുവച്ച് സപ്ലൈ ഓർഡർ നൽകിയശേഷമാണ് പദ്ധതി ഫണ്ട് നൽകേണ്ടിയിരുന്നത്.

ഓഡിറ്റ് എൻക്വയറി -5/22.11.21 ന് മറുപടിയായി ഗുണഭോക്താക്കൾ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ നൽകുന്നതിന് കാലതാമസം വരുന്നതിനാലാണ് സപ്ലൈ ഓർഡർ നൽകാൻ കഴിയാതെ വരുന്നത് എന്നാണ് അറിയിച്ചത്.

കൃത്യമായ ആവശ്യകതനിർണ്ണയിക്കാതെ പദ്ധതി ഫണ്ട് മുൻകൂറായി അനുവദിക്കുകയും ഒരു വർഷത്തോളം കഴിഞ്ഞ് ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് സപ്ലൈ ഓർഡർ നൽകുകയും ചെയ്യുന്നത് ക്രമപ്രകാരമല്ല. 105 കട്ടിലിന്റെ വിലയുടെ 80% മുൻകൂറായി നൽകി 11 മാസം കഴിഞ്ഞിട്ടും 30 ഗുണഭോക്താക്കളിൽ നിന്ന് മാത്രമാണ് അപേക്ഷ ലഭ്യമായിട്ടുള്ളത്. വികസന ആവശ്യങ്ങൾക്കായി ലഭിക്കുന്ന പരിമിതമായ പദ്ധതി ഫണ്ട് ഇപ്രകാരം മുൻകൂറായി സ്ഥാപനങ്ങൾക്ക് ഒരു വർഷത്തിനും മുൻപേ അനുവദിക്കുന്നത് പഞ്ചായത്തിന്റെ താൽപര്യങ്ങൾക്ക് അനുസൃതമല്ല. ഭാവിയിൽ ഗുണഭോക്താക്കളുടെ എണ്ണം കൃത്യമായി നിർണ്ണയിച്ചശേഷം സ്ഥാപനവുമായി കരാറിലേർപ്പെട്ട് സപ്ലൈ ഓർഡർ നൽകിയശേഷം മാത്രം പദ്ധതി തുക നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.
കട്ടിൽ ലഭ്യമാക്കി വിതരണം ചെയ്യുന്നതുവരെ ചെലവ് തുകയായ 365400/- രൂപ തടസ്സപ്പെടുത്തുന്നു

## 1-35 ലൈഫ് ഭവന പദ്ധതി-

ലൈഫ് ഭവന പദ്ധതിയിൽ മുൻ വർഷങ്ങളിൽ ആകെ കരാറിലേർപ്പെട്ട 61 പേരിൽ താഴെ പറയുന്ന ഗുണഭോക്താക്കള് (Phase 11) ഭവന നിർമ്മാണം പൂർത്തിയാക്കി ധനസഹായ തുക -4,00,000 പൂർണ്ണമായും കൈപ്പറ്റിയിട്ടില്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

| ഗുണഭോക്താവ് | അനുവദിച്ച തുക |
|---|---|
| സുലോചന മുരുകൻ | 300000 |
| ലിസി ഷിബു | 300000 |
| ലൈല | 40000 |
| വാഹിദകോയ | 40000 |
| സുനിത അസീസ് | 300000 |
| സഫിയ ഹംസ | 300000 |

| | |
|---|---|
| മഞ്ജു വിനോദ് | 300000 |
| അമ്മിണി | 300000 |
| ജമീല ബഷീർ | 300000 |
| മാർഗരറ്റ് | 300000 |
| ഷിറാസ് | 40000 |
| സാബിറ | 300000 |

ഫേസ് 3 യിൽ നിന്നും 2 ലേക്ക് മാറ്റിയ 8 ഗുണഭോക്താക്കളിൽ താഴെ പറയുന്ന 4 പേർ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക |
|---|---|
| നജ്ജമ | 300000 |
| ബീമ | 300000 |
| ഉമൈബ | 200000 |
| ജയന്തി | 40000 |

കൂടാതെ എസ്.സി അഡീഷണൽ ലിസ്റ്റിലെ 23 പേർ കരാർ വച്ചതിൽ ഒരാൾ മാത്രമാണ് ഭവനനിർമ്മാണം പൂർത്തിയാക്കിയത് (ഓഡിറ്റ് എൻക്വയറി -24/27.11.21)

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-36 വക്കീൽ ഫീസ്-വകുപ്പ് മേധാവിയുടെ അനുമതി ലഭ്യമാക്കിയില്ല

പഞ്ചായത്തിലെ 5ാം വാർഡിൽ 713ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാസ്കോം സ്റ്റീൽ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥാപനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിൽ നൽകിയിരുന്ന RP-83/2019 നമ്പർ കേസിന്റെ വിധിക്കെതിരെ ബഹു.കേരളാ ഹൈക്കോടതിയിൽ WP (C) No.1586/2020 നമ്പർ അപ്പീൽ നൽകിയതിന് 03.06.2020 ലെ വൌച്ചർ നം.22000145 പ്രകാരം വക്കീൽ ഫീസിനത്തിൽ അഡ്വ.ശ്രീകുമാറിന് 50000/- (5000/- രൂപ ആദായനികുതി കുറവ് ചെയ്ത് 45000/-) രൂപ നൽകിയിട്ടുണ്ട്. ജി ഒ (എം എസ്) നം.36/16 തസ്വഭവ തീയതി 18.02.2016 ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേസൊന്നിന് 15000/- രൂപ വരെയാണ് വക്കീൽ ഫീസ് അനുവദിക്കാവുന്നത്. വകുപ്പദ്ധ്യക്ഷൻമാരുടെ അനുമതിയോടുകൂടി മാത്രമേ 50000/- രൂപ ചെലവഴിക്കുന്നതിന് അനുമതിയുള്ളൂ. എന്നാൽ ടി കേസിൽ പഞ്ചായത്ത് വകുപ്പ് ഡയറക്ടറുടെ അനുമതി ലഭ്യമാക്കാതെ 50000/- രൂപ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 27.11.2021 ലെ 28ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരം വകുപ്പദ്ധ്യക്ഷന്റെ അനുമതി ലഭ്യമാക്കുന്നത് വരെ ഈയിനത്തിലെ 50000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് വർഷം കെഎസ്ഇബി, കേരള വാട്ടർ അതോറിറ്റി എന്നീ ഏജൻസികൾക്ക് പ്രവൃത്തികൾ നടത്തുന്നതിന് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥൻ ആയി താഴെ പറയും പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല .

I . ഏജൻസി - കെഎസ്ഇബി

| ക്രമ നം. | പ്രവൃത്തിയുടെ നം. , പേര് | നല്കിയ തുക | വിനിയോഗവിവരം ലഭ്യമല്ലാത്തത് |
|---|---|---|---|
| 1 | പ്രൊ. നം. 120 / 21, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 1312627 /-(തനത് ഫണ്ട്) വൗച്ചർ നം. 22000446 / 29.08.20 | 440058 /- |
| 2 | പ്രൊ. നം. 141 / 21 ,പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 111006 /-(തനത് ഫണ്ട്) വൗച്ചർ നം. 22000584 / 04.11.20 - 25272 /- | 78410 /- |

| | | | |
|---|---|---|---|
| | | വൗച്ചർ നം. 22000544 / 28.10.20 - 31596 /- വൗച്ചർ നം. 22000886 / 12.02.21 -19054 /- വൗച്ചർ നം. 22000887 / 12.02.21 - 9988 /- വൗച്ചർ നം. 22000971 / 16.03.21 - 24096 /- | |
| 3 | പ്രൊ. നം. 172 / 21 ,13 ാം വാർഡിലെ 78 ാം നം.അങ്കണവാടി വൈദ്യുതി കണക്ഷൻ | 16979 /- (തനത് ഫണ്ട് ) ചെക്ക് നം. 474665 / 18.05.20 – 16000 /- ചെക്ക് നം. 474666 / 18.05.20 – 979 /- | 16979 /- |
| 4 | പ്രൊ. നം. 228 / 21, സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് 14 , 16 | 195084 /- (തനത് ഫണ്ട് ) വൗച്ചർ നം. 22000098 / 18.05.20 | 195084 /- |
| 5 | പ്രൊ. നം. 249/ 21 ,സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് 11 | 95273 /- (ധനകാര്യകമ്മീഷൻ അവാർഡ് )വൗച്ചർ നം. 22001021 / 27.10.20 | 95273 /- |
| 6 | പ്രൊ. നം. 332 / 21 ,സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് 18, 19 | 41920 /- (തനത് ഫണ്ട് ) വൗച്ചർ നം. 22000525 / 19.10.20 | 41920 /- |
| ആകെ | | | 867724 /- |

ഏജൻസി – കേരള വാട്ടർ അതോറിറ്റി

| ക്രമ നം. | പ്രവൃത്തിയുടെ നം. , പേര് | നല്കിയ തുക | വിനിയോഗവിവരം ലഭ്യമല്ലാത്തത് |
|---|---|---|---|
| 1 | പ്രൊ. നം. 121 / 21, വിവിധ വാർഡുകളിൽ കുടിവെള്ളപൈപ്പ് ലൈൻ വലിക്കൽ | 1,00,000 /- (ധനകാര്യകമ്മീഷൻ അവാർഡ് )വൗച്ചർ നം. 22001051 / 06.01.21 | 1,00,000 /- |
| 2 | പ്രൊ. നം. 235 / 21, ഉപയോഗശൂന്യമായ പൊതുകുടിവെള്ള ടാപ്പുകൾ വിച്ഛേദിക്കൽ | 45534 /- (തനത് ഫണ്ട് ) വൗച്ചർ നം. 22000175 / 29.06.20 | 45534 /- |
| 3 | പ്രൊ. നം. 336 / 21, ജലജീവൻ മിഷൻ | 553500 /- (തനത് ഫണ്ട് ) വൗച്ചർ നം. 22001156 / 24.03.21 | 553500 /- |
| ആകെ | | | 699034 /- |

ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ചെലവഴിച്ച 15,66,758 /- രൂപ തടസ്സപ്പെടുത്തുന്നു .

1-38 സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം KSEB യുടെ കണക്കുകളേക്കാളും കൂടുതൽ

പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ഓരോ വർഷവും പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്നുണ്ടെങ്കിലും ആകെയുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം KSEB യുടെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. 21 വാർഡുകളുള്ള പഞ്ചായത്തിൽ 2018-19 ൽ 17ാം വാർഡൊഴികെയുള്ള എല്ലാ വാർഡുകളിലും 65 LED സ്ട്രീറ്റ് ലൈറ്റുകളും 17 ാം വാർഡിൽ 80 LED സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിച്ചിരുന്നു. 2020-21 ൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 6 പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ അംഗീകൃത സ്ഥാപനമായ KREWS ൽ നിന്നുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ഈ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ താഴെ പറയുന്നു .

| ക്രമ നം. | പ്രൊജക്ട് നം.,പേര് | അടങ്കൽ , ഫണ്ട് , ചെലവ്,തീയതി | സ്ഥാപിച്ചതിന്റെ എണ്ണം | ചെലവ് |
|---|---|---|---|---|
| 1 | 143/21, LED വാങ്ങൽ | 3,54,000 /-, തനത് ഫണ്ട്, 3,52,547 /-, 05.01.21 | 36 W Manual - 53 @ 3031 /- 45 W Manual – 116 @ 3322 /-(ഇൻവോയ്സ് നം. KREWS A145/20-21 / 05.11.20) | KREWS – 541119 /- GST – 4876 /- KSEB – 6552 /- |
| 2 | 333/21, LED ലൈറ്റ് വാങ്ങൽ വാർഡ് 15 | 2,00,000 /-, തനത് ഫണ്ട്, 05.01.21 2,00,000/- | | |

<table>
<tr><td>3</td><td>227/21, ട്യൂബ് സെറ്റ് വാങ്ങൽ വാർഡ് 12,17(Spill Over)</td><td>2,50,000 /-<br>തനത് ഫണ്ട് 250000 /-<br>(19,796 /- 17.10.20 & 2,30,204 /- 18.12.20)</td><td rowspan="4">45 W Manual -18 @ 3322 /-<br>36 W Manual – 131 @ 3031 /-(ഇൻവോയ്സ് നം. KREWS/ A17 /20-21 / 15.06.20- 59796 - & KREWS/ A68/20-21 / 12.08.20 – 397061 /-</td><td>KREWS - 242910 /-<br>GST 7090 /</td></tr>
<tr><td>4</td><td>229/21, ട്യൂബ് സെറ്റ് വാങ്ങൽ വാർഡ് 14 (Spill Over)</td><td>70,000 /-,<br>തനത് ഫണ്ട് , 69,384 / (66,857/- 17.10.20 &2527/- 20.10.20)</td><td>KREWS – 66857 /-<br>KSEB- 2527 /-</td></tr>
<tr><td>5</td><td>233/21, LED ട്യൂബ് ലൈറ്റ് വാങ്ങൽ വാർഡ് 21 (Spill Over)</td><td>40000 /-,<br>തനത് ഫണ്ട് , 40000 /- , 18.12.20</td><td>KREWS-38932 /-<br>GST – 1068 /-</td></tr>
<tr><td>6</td><td>236/21, LED ട്യൂബ് ലൈറ്റ് വാങ്ങൽ വാർഡ് 18 (Spill Over)</td><td>100000 /- ,തനത് ഫണ്ട് , 100000 /- , 17.10.20</td><td>KREWS-100000 /-</td></tr>
</table>

ക്രമ നം. 1 , 2 പ്രൊജക്ടുകൾ പ്രകാരം സ്ഥാപിച്ച LED കളുടെ എണ്ണം (വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം പ്രകാരം)താഴെ പറയുന്നു .

| വാർഡ് | LED Power | എണ്ണം |
|---|---|---|
| VI | 36 W | 24 |
| XXI | 36W | 13 |
| X | 36 W | 16 |
| XV | 45 W | 73 |
| XVI | 45W | 43 |

ക്രമ നം. 3,4,5,6 പ്രൊജക്ടുകൾ പ്രകാരം സ്ഥാപിച്ച LED കളുടെ എണ്ണം (വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം പ്രകാരം) താഴെ പറയുന്നു .

| വാർഡ് | LED Power | എണ്ണം |
|---|---|---|
| II | 36 W | 5 |
| III | 36W | 5 |
| XII | 36 W | 32 |
| XIV | 36 W | 23 |
| XVII | 36 W | 44 |
| | 45 W | 2 |
| XVIII | 36 W | 32 |
| | 45 W | 3 |
| XXI | 45 W | 13 |

ടി പ്രൊജക്ടുകൾ പ്രകാരം 36 W LED വാങ്ങിയത് 131 എണ്ണമാണെങ്കിലും സാക്ഷ്യപത്രം പ്രകാരം 141 സ്ഥാപിച്ചിട്ടുണ്ട് .

2018-19 , 2020-21 വർഷങ്ങളിലായി വിവിധ വാർഡുകളിൽ സ്ഥാപിച്ച LED ലൈറ്റുകളുടെ എണ്ണം താഴെ പറയും പ്രകാരമാണ് .

| വാർഡ് | LED കളുടെ എണ്ണം | വാർഡ് | LED കളുടെ എണ്ണം | വാർഡ് | LED കളുടെ എണ്ണം |
|---|---|---|---|---|---|
| I | 65 | VIII | 65 | XV | 138 |
| II | 70 | IX | 65 | XVI | 108 |
| III | 70 | X | 81 | XVII | 126 |
| IV | 65 | XI | 65 | XVIII | 100 |
| V | 65 | XII | 97 | XIX | 65 |
| VI | 89 | XIII | 65 | XX | 81 |
| VII | 65 | XIV | 88 | XXI | 78 |

സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പ്രകാരം (സ്പൈറൽ ബൈൻഡ് ചെയ്ത ഷീറ്റുകൾ ) വാർഡുകളിലെ വിവിധ ഇലക്ട്രിക്കൽ സെക്ഷൻ പരിധികളിൽ വരുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ വിവരം താഴെ പറയുന്നു .

| വാർഡ് | LED കളുടെ എണ്ണം | വാർഡ് | LED കളുടെ എണ്ണം | വാർഡ് | LED കളുടെ എണ്ണം |
|---|---|---|---|---|---|
| I | 72 | VIII | 19 | XV | 78 |
| II | 72 | IX | 76 | XVI | 99 |
| III | 2 | X | 56 | XVII | 69 |
| IV | 52 | XI | വിവരം ലഭ്യമല്ല | XVIII | 67 |
| V | 68 | XII | | XIX | 83 |
| VI | 112 | XIII | | XX | 55 |
| VII | 65 | XIV | | XXI | 107 |

KSEB യുടെ 31.03.21 ലെ DB No. 14/20-21AN -216, 17.04.21 ലെ DB23/EDATHALA-Street Lights/2021-22 /AT/13 എന്നീ കത്തുകൾ പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പ്രൊജക്ടുകൾ പ്രകാരം എല്ലാ വാർഡുകളിലും കുറഞ്ഞത് 65 LED കളെങ്കിലും സ്ഥാപിച്ചിട്ടുണ്ട്. പക്ഷേ KSEB യുടെ കണക്കുകൾ പ്രകാരം വാർഡ് 3 ൽ 2, വാർഡ് 4 ൽ 52, വാർഡ് 8 ൽ19, വാർഡ് 20 ൽ 55 എന്നിങ്ങനെയാണ് LED കളുള്ളത്. പഞ്ചായത്ത് 138 LED ൾ സ്ഥാപിച്ച വാർഡ് 15 ൽ KSEB യുടെ കത്ത് പ്രകാരം 78 എണ്ണം മാത്രമേ ഉള്ളൂ. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങുന്നതിന് പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെങ്കിലും ആസ്തികൾ സൃഷ്ടിക്കപ്പെടുന്നുണ്ടോ എന്ന കാര്യത്തിൽ കൂടുതൽ പരിശോധന വേണമെന്ന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 1-39 തെരുവ് വിളക്ക് പരിപാലനം - അപാകത

| | | |
|---|---|---|
| പ്രൊജക്ട് നം., പേര് | എസ്0248 / 21, തെരുവ് വിളക്ക് പരിപാലനം | |
| അടങ്കൽ | 20,00,000 /- (തനത് ഫണ്ട്) | |
| ചെലവ് | 1) 678106 /- , 06.07.20 | |
| | 2) 623247 /- ,16.10.20 | |
| | 3) 539594 /- , 18.01.21 | |
| | 4) 159053 /- , 30.03.21 | |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി | |

തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനായി നടപ്പിലാക്കിയ ഈ പ്രൊജക്ട് പ്രകാരം 27.02.20 മുതൽ ഒരു വർഷത്തേക്ക് ശ്രീ സയദ് അബ്ദുൾ മനാഫ് എന്ന വ്യക്തിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. 20 ലക്ഷം രൂപ അടങ്കൽ തുക നിശ്ചയിച്ച് തയ്യാറാക്കി നടപ്പിലാക്കിയ ഈ പ്രൊജക്ട് പ്രകാരം മുഴവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചപ്പോൾ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം താഴെ പറയും പ്രകാരമാണ് നല്കിയിരുന്നത്.

| ക്രമ നം . | ഇനം | എണ്ണം |
|---|---|---|
| 1 | CFL – 22 W | 486 |
| 2 | LED – 24 W | 420 |
| 3 | Single Tube | 194 |
| 4 | Double Tube | 2182 |

ടെണ്ടറിൽ പറഞ്ഞതിലും കൂടുതൽ ലൈറ്റുകൾ പഞ്ചായത്തിലുണ്ടെന്നും ടി ലൈറ്റുകൾക്കൂടി അറ്റകുറ്റപ്പണികൾ ചെയ്യണമെന്നും മെമ്പർമാർ ആവശ്യപ്പെട്ടതനുസരിച്ച് കരാറുകാരൻ തന്നെയാണ് വാർഡുതലത്തിൽ പരിശോധിച്ച് ലൈറ്റുകളുടെ എണ്ണം ഹാജരാക്കിയത്. ടി എണ്ണം താഴെ പറയും പ്രകാരമാണ്.

| ക്രമ നം . | ഇനം | എണ്ണം |
|---|---|---|
| 1 | CFL – 22 W | 669 |
| 2 | LED – 24 W | 370 |
| 3 | Single Tube | 623 |
| 4 | Double Tube | 3383 |

കരാറുകാരൻ കണക്കാക്കിയ എണ്ണം പ്രകാരമാണ് തുക ചെലവഴിച്ചിരിക്കുന്നത്. ഒരു പ്രദേശത്തെ ഇലക്ട്രിക് പോസ്റ്റുകളുടെ കൃത്യമായ എണ്ണം KSEB യാണ് നല്കേണ്ടത് എന്നിരിക്കെ KSEB യിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കാതെ കരാറുകാരൻ ആവശ്യപ്പെട്ട മുഴുവൻ തുകയും നല്കിയതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം സംബന്ധിച്ച് KSEB കത്തുകൾ (DB No.14/20-21/ AN-216, 31.03.21 & DB23/EDATHALA-Street Lights/2021-22/AT/13, 17.04.21) നല്കിയിട്ടുണ്ടെങ്കിലും വിവിധ ഇലക്ട്രിക്കൽ സെക്ഷൻ പരിധി പ്രകാരമാണ് എന്നുള്ളതിനാൽ ഓരോ വാർഡിലെയും ലൈറ്റുകളുടെ എണ്ണം കൃത്യമായി കണക്കാക്കിയിട്ടില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ ലൈറ്റുകളുടെ എണ്ണം വാർഡ് തിരിച്ച് ക്രോഡീകരിച്ച് രേഖപ്പെടുത്തി കാലികമാക്കേണ്ടതാണ്.

## 1-40 പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്തിയില്ല

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 1,17,688/- രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. 269 ടാപ്പുകൾക്ക് 5250/- രൂപ പ്രതിവർഷനിരക്കിലാണ് തുക കണക്കാക്കിയിട്ടുള്ളത്. ഉപയോഗശൂന്യമായ ടാപ്പുകൾ വിച്ഛേദിക്കുന്നതിന് 2020-21 ൽ തനത് ഫണ്ടിൽ നിന്ന് 45,534 /- രൂപ വാട്ടർ അതോറിറ്റിക്ക് നല്കിയിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. സ്ട്രീറ്റ് ടാപ്പ് എക്സ്റ്റൻഷൻ, പൈപ്പ് കണക്ഷൻ എന്നിവയ്ക്ക് വേണ്ടി ഓരോ വർഷവും തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും വെള്ളക്കരമിനത്തിൽ കുറവ് വന്നിട്ടില്ല. ഉപയോഗിക്കുന്ന ടാപ്പുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായിചേർന്ന് പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ഇല്ലെങ്കിൽ അതിന്റെ കാരണവും അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.7,22.11.21) മറുപടി ലഭ്യമാക്കിയില്ല വാട്ടർ അതോറിറ്റി നല്കുന്ന പ്രതിമാസ ബില്ലിൽ കാണിച്ചിട്ടുള്ള കുടിശിക തുകയായ 4732 /- രൂപ വരാനുള്ള കാരണവും വ്യക്തമാക്കിയിട്ടില്ല. സംയുക്തപരിശോധന നടത്തി ഉപയോഗശൂന്യമായ ടാപ്പുകൾ വിച്ഛേദിച്ച് വെള്ളക്കരം കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകളുടെ ബില്ലുകളിൽ നിന്ന് GST കുറവ് ചെയ്തില്ല

ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് കരാർ പ്രകാരം സാധനങ്ങൾ സപ്ളൈ ചെയ്തതിന് ബില്ലിൽ നിന്നും നിയമാനുസൃതം TDS ആയി കുറവ് ചെയ്യേണ്ട GST (2,50,000/- രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക്) കുറവ് ചെയ്യാതെ തുക അനുവദിച്ചത് കാരണം കരാറുകാർക്ക് അധിക തുക നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു

| ക്രമ നം. | പ്രവൃത്തി | കരാറുകാരൻ | മെറ്റീരിയൽസിന് നൽകിയ തുക | ഈടാക്കേണ്ട GST (2%) |
|---|---|---|---|---|
| 1 | ഹാജിയാർപടി ബൈലൈൻ റോഡ് കട്ടവിരിക്കൽ (RC 311643) | അബൂബക്കർ.എം.എ | 435233 /- | 8705 /- |
| 2 | തേവക്കൽ സഹകരണബാങ്കിന് മുന്നിലുള്ള റോഡ് കട്ടവിരിക്കൽ (RC 310233) | ജയപ്രകാശ്.കെ.ആർ | 428335 /- | 8567 /- |
| ആകെ | | | 8,63,568 /- | 17272 /- |

കരാറുകാരിൽ നിന്നും തുക ഈടാക്കി GST വകുപ്പിൽ ഒടുക്കേണ്ടതാണ് .

## 1-42 ഓഡിറ്റ് ഇംപാക്ട്

ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്ത ഇനത്തിൽ തുക അനുവദിച്ചപ്പോൾ TDS ആയി കുറവ് ചെയ്യേണ്ടിയിരുന്ന

GST കുറവ് ചെയ്യാതിരുന്നത് എൻക്വയറി (നം.11 / 23.11.21) നല്കിയതിനെത്തുടർന്ന് കടയത്തേരിമൂല റോഡ് കട്ടവിരിക്കൽ (RC 311654) പ്രവൃത്തിയുടെ കരാറുകാരൻ ശ്രീ റഷീദ്.എം.എം 8588/- രൂപ ഒടുക്കി. (രസീത് നം.121060104973 , 26.11.21)

ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തു നികുതി നിർണയത്തിലെ അപാകത- 17860രൂ നഷ്ടം

റംല, മരുത്തുംകുടി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 15/624B നമ്പർ കെട്ടിടം (വാർഡ്-5) അസസമെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനായി നികുതി നിർണയിക്കപ്പെട്ടിട്ടുള്ളതാണ്. പഞ്ചായത്ത് പുറപ്പെടുവിച്ചിട്ടുള്ള വസ്തു നികുതി വിജ്ഞാപന പ്രകാരം 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് ച.മീറ്ററിന് 80/- രൂപ നിരക്കിലാണ് നികുതി നിർണയിക്കേണ്ടത്. എന്നാൽ മേൽ കെട്ടിടത്തിന് ച.മീറ്ററിന് 50/- രൂപ നിരക്കിലാണ് നികുതി നിർണയിച്ച് ഈടാക്കിയിട്ടുള്ളത് (രസീത് നം-121060102145/03.07.20 ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ച.മീറ്ററിന് 80/- രൂപ നിരക്കിൽ നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | ച.മീറ്ററിന് 50/- രൂപ നിരക്കിൽ നിർണ്ണയിച്ച നികുതി |
|---|---|---|
| തറവിസ്തീർണം=567m$^2$ (GF) | 45360 | 28350 |
| ഇളവ് /വർദ്ധനവ് | -10%ഇളവ്(മേഖല): 4536 | -10%ഇളവ്(മേഖല): 2835 |
| | +15%വർദ്ധനവ് (തറനിർമിതി) =6804 | +15%വർദ്ധനവ് (തറനിർമിതി) =4252.5 |
| കെട്ടിടത്തിന് ബാധകമായ വാർഷിക വസ്തു നികുതി | 47628.00 | 29768.00 |
| നികുതിയിനത്തിൽ തൻവർഷം നഷ്ടമായ തുക | 47628-29768=17860രൂ | |

08.06.2020 ൽ നിർമാണം പൂർത്തിയാക്കിയതായി രേഖപ്പെടുത്തിയിട്ടുള്ള മേൽ കെട്ടിടത്തിന്റെ നികുതി നിർണയത്തിലുണ്ടായ അപാകതക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-12/23.11.21) മറുപടി നൽകിയില്ല. നികുതിയിനത്തിൽ നഷ്ടമായ 17860/-രൂ കെട്ടിടയുടമയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ/ വൌച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 235/21 ടാപ്പ് വിച്ഛേദിക്കൽ | 22000175/ 29.06.2020 | 45534 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 121/21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22001051/ 06.01.2021 | 100000 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 336/21 ജലജീവൻ പദ്ധതി | 22001156/ 24.03.2021 | 553500 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കെ എസ് ഇ ബി | 120/21 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22000446/ 29.08.2020 | 1312627 | 872569 | 440058/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 249/21 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22001021/ 27.10.2020 | 95273 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 295/20 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (മുൻവർഷ പ്രൊജക്ട്) | 22000475/ 28.10.2020 | 1168 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 228/21 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22000098/ 18.05.2020 | 195084 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 332/21 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22000525/ 19.10.2020 | 41920 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 141/21 പോസ്റ്റ് ഷിഫ്റ്റിംഗ് | 22000584/ 04..11.2020 | 25272 | 31596 | 78410/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | | 22000544/ 28.10.2020 | 32596 | | |
| | | 22000886/ 12.02.2021 | 19054 | | |
| | | 22000887/ 12.02.2021 | 9988 | | |
| | | 22000971/ 16.03.2021 | 24096 | | |
| | 172/21 അങ്കണവാടിക്ക് വൈദ്യുതി കണക്ഷൻ | ചെക്ക് നം.474665/ 18.05.2020 | 16000 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

| | | |
|---|---|---|
| | ചെക്ക് നം.474666/ 18.05.2020 | 979 |

ഓഡിറ്റ് വർഷം കെ എസ് ഇ ബിയ്ക്ക് നിക്ഷേപ പ്രവൃത്തികൾക്കായി 1774057/- രൂപയാണ് തൻവർഷം നൽകിയിട്ടുള്ളത്. എന്നാൽ പ്രൊജക്ട് നം. 141/21 പ്രകാരം നൽകിയ 111006/- രൂപയും, 172/21 പ്രകാരം നൽകിയ 16979/- രൂപയും ഈയിനത്തിൽ ചേർക്കാത്തത് മൂലം 1646072/- രൂപ മാത്രമാണ് നിക്ഷേപ പ്രവൃത്തികൾക്കായുള്ള തുകയായി വാർഷിക ധനകാര്യ പത്രികയിൽ വന്നിട്ടുള്ളത്.

ധനകാര്യ പത്രികയിലെ 460500202 എന്ന ഹെഡിലെ ലെഡ്ജർ പരിശോധിച്ചതിൽ താഴെപ്പറയും വിധമാണ് 1646072/- രൂപയായി കണക്കാക്കിയിട്ടുള്ളത്.

തെരുവ് വിളക്കുകൾ വാങ്ങുന്നതിന് ചെലവഴിച്ച തുകകൾ നിക്ഷേപ പ്രവൃത്തികൾക്കുള്ള ഹെഡ്ഡിൽ തെറ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | തുക |
|---|---|
| 227/21 | 250000 |
| 229/21 | 69384 |
| 233/21 | 40000 |
| 236/21 | 100000 |

120/21 നമ്പർ പ്രൊജക്ടിന്റെ തുക 124980/- എന്ന് തെറ്റായി ചേർക്കുകയും 332/21 എന്ന പ്രൊജക്ടിലെ തുക 41920/- രൂപയും മുൻവർഷ പ്രൊജക്ടിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 1168/- ഈയിനത്തിൽ ഉൾപ്പെടുത്താതിരിക്കുയും ചെയ്തിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുമ്പോൾ അതത് പദ്ധതിക്ക് നൽകിയ തുകയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 26.11.2021 ലെ 20ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 2016-17 വർഷം പ്രൊജക്ട് നം. 195/17 പ്രകാരം വിവിധ വാർഡുകളിൽ ഹൈമാസ്റ്റ് വിളക്കുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് 16,00,000/- രൂപ മുൻകൂർ നൽകിയത് ധനകാര്യ പത്രികയിൽ 460500205 ഹെഡിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്.

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2020-21 | 259700 | 15/21 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 259700 | 0 |
| 2 | ബ്ലോക്ക്പഞ്ചായത്ത് (വാഴക്കുളം ബ്ലോക്ക്) | 2020-21 | 1239517 | 113/21 ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി (എസ് ടി) | 0 | 1239517 |
| 3 | ബ്ലോക്ക്പഞ്ചായത്ത് (വാഴക്കുളം ബ്ലോക്ക്) | 2020-21 | 1400000 | 352/21ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി | 555541 | 844459 |
| 4 | ബ്ലോക്ക്പഞ്ചായത്ത് (വാഴക്കുളം ബ്ലോക്ക്) | 2020-21 | 230000 | 15/21 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 230000 | 0 |
| 5 | ബ്ലോക്ക്പഞ്ചായത്ത് (വാഴക്കുളം ബ്ലോക്ക്) | 2020-21 | 56000 | 117/21 പാലിന് സബ്സിഡി | 56000 | 0 |
| 6 | ബ്ലോക്ക്പഞ്ചായത്ത് (വാഴക്കുളം | 2020-21 | 50000 | S0148/21 ശാരീരിക | 50000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | ബ്ലോക്ക്) | | | മാനസിക വെല്ലുവിളി നേരിടുന്നവർ ക്കുള്ള സ്കോളർഷിപ്പ് | | |
| 7 | ബ്ലോക്ക്പഞ്ചായത്ത് (വാഴക്കുളം ബ്ലോക്ക്) | 2019-20 | 611560 | 222/21 അങ്കണവാടി കെട്ടിട നിർമ്മാണം | 611560 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ചട യ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ (KURDFC) | | 8578975 | 8005446 | 1482377 | - | 6523069 |
| ലൈഫ് മിഷൻ (KURDFC) | | 400000 | 0 | 0 | | 400000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 63355949 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ ലഭിച്ചത് | 4059356 |
| ആകെ | 67415305 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 67415305 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴ ത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | പ്രത്യേക അവലോകനം | 2011-12 | 3-1 | കൃഷിഭവനകളുടെ ഭൗതികസൗകര്യ വികസനം | നിയസഭാ സമിതിയുടെ തെളിവെടുപ്പ് കഴിഞ്ഞു. തൽസ്ഥിതി വിവരപത്രിക സമർപ്പി ച്ചിട്ടുണ്ട് |
| 2013-14 | പ്രവർത്തനാ വലോകനം | 2013-14 | 5.3.5.6 | ചെറുകിട പരമ്പരാഗത വ്യവസായങ്ങൾ | നിയസഭാ സമിതിയുടെ തെളിവെടുപ്പ് |

| | | | | | |
|---|---|---|---|---|---|
| | | | | പരിപോഷിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാധാന്യം നൽകുന്നില്ല. | കഴിഞ്ഞിട്ടില്ല. |
| 2002-03 | പൊതു അവലോകനം | 2006-07 | 3.39.4.4 | ഡെപ്പോസിറ്റ് വർക്ക് (KWA)- പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | പഞ്ചായത്ത് നൽകിയ മറുപടി നിയമസഭാ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| 2002-03 | പൊതു അവലോകനം | 2006-07 | 3.39.4.5 | ഡെപ്പോസിറ്റ് വർക്ക് (KSEB)- പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | പഞ്ചായത്ത് നൽകിയ മറുപടി നിയമസഭാ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | തൊഴിൽ നികുതി പ്രത്യേക അവലോകനം | 2016-17 | 2.3 | തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് | ന്യൂനതാ പരിഹാര പത്രിക സമർപ്പിച്ചു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികളുടെ വിവരം - ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 204590914 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 149741810 |
| വരവിനങ്ങളിലുള്ള നഷ്ടം | 17860 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2016038 |

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | ₹17860 | | ശ്രീമതി. നിസാമോൾ എം.പി. സെക്രട്ടറി |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 33880 | ഡോ.സ്മിത റാണി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-34 | 365400 | ശ്രീമതി.ആരതി ബാബു, അസിസ്റ്റന്റ് സെക്രട്ടറി |
| 1-36 | 50000 | ശ്രീമതി.അതിഥി ദേവി, സെക്രട്ടറി |
| 1-37 | 1566758 | 777099 – ശ്രീമതി. നിസാമോൾ എം.പി. സെക്രട്ടറി<br>212063 – ശ്രീമതി.അതിഥി ദേവി<br>577596 – ശ്രീമതി.ആരതി ബാബു, സെക്രട്ടറി (I/c) |
| ആകെ | 2016038 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-41 | SGST -8636/-<br>CGST -8636/- | ശ്രീമതി നിസാമോൾ .എം.പി<br>സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അതിഥി ദേവി<br>സെക്രട്ടറി | സെക്രട്ടറി<br>മുടക്കുഴ ഗ്രാമപഞ്ചായത്ത് | ഹൗസ് നം- 10/114<br>ചന്ദ്രമന ഇല്ലം<br>കോട്ടപ്പടി (പി.ഒ)<br>എറണാകുളം-686692 |
| ശ്രീമതി.ആരതി ബാബു<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>എടത്തല ഗ്രാമപഞ്ചായത്ത് | 10/134 ഹിവ ഗാർഡൻ<br>ഗോഡ്സ് വില്ലയ്ക്ക് സമീപം<br>കിഴക്കമ്പലം |
| ഡോ.സ്മിത റാണി<br>മെഡിക്കൽ ഓഫീസർ<br>ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ,<br>എടത്തല | റിതു, വടവുകോട് (പി.ഒ)<br>കങ്ങരപ്പടി<br>കൊച്ചി-682021 |
| ശ്രീമതി. നിസാമോൾ എം.പി.<br>സെക്രട്ടറി | സെക്രട്ടറി<br>ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് | പള്ളിക്കര ഹൗസ്,<br>മഞ്ഞുമ്മൽ (പിഒ)683501 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(i)/18, 09.08.18/10.10.18 |
| 1997-98 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(ii)/18, 09.08.18/10.10.18 |
| 1998-99 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(iii)/18, 09.08.18/10.10.18 |
| 1999-00 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(iv)/18, 09.08.18/10.10.18 |
| 2000-01 | എൽ.എഫ്.ഇ.(പി.5)1997/11, 30.03.12 |
| 2001-02 (Non Plan വരവ് ചെലവ്) | എൽ.എഫ്.ഇ.(പി.5)1009/10, 26.04.11 |
| 2001-02 Plan | എൽ.എഫ്.ഇ.(പി.5)1010/10, 24.07.12 |
| 2002-03ചെലവ് | എൽ.എഫ്.ഇ.(പി.5)228/11, 03.05.12 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(v)/18, 09.08.18/10.10.18 |
| 2004-05 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(vi)/18, 09.08.18/10.10.18 |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(vii)/18, 09.08.18/10.10.18 |
| 2006-07 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(viii)/18, 09.08.18/10.10.18 |
| 2007-08 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(ix)/18, 09.08.18/10.10.18 |
| 2008-09 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(x)/18, 09.08.18/10.10.18 |
| 2009-10 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(xi)/18, 09.08.18/10.10.18 |
| 2010-11 | കെ.എസ്.എ.-ഇ.കെ.എം.(പി5)783(xii)/18, 09.08.18/10.10.18 |
| 2011-12 | കെ.എസ്.എ.-ഇ.കെ.എം.(പി5)1093/16, 01.02.17 |
| 2012-13 | എൽ.എഫ്.ഇ.(പി.5)163/15, 06.06.15 |
| 2013-14 &14-15 | കെ.എസ്.എ.ഇ.കെ.എം.(പി.5)1186/16, 06.03.17 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി.5)778/17, 24.07.18 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി10)1502/17, 18.07.18 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി10)2205/18, 01.03.2019 |
| 2018-19 | നം.കെ.എസ്.എ.ഇകെഎം(പി5 )1954/2019, 03.01.2020 |
| 2019-20 | നം.കെ.എസ്.എ.ഇകെഎം(പി5 )1802/2021 , ..................... |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്